423261/2026/TAPAL DES

കേരള സർക്കാർ

പുത്തേട് നീർത്തട പദ്ധതി

ഇടുക്കി ജില്ല

2023-24



വിലയിരുത്തൽ പഠന റിപ്പോർട്ട്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്, ഇടുക്കി

File No. DES/1485/2026-EVA(4) (Computer No. 63047)
Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on PM 2026 03:39 PM

കേരള സർക്കാർ

മണ്ണ് സംരക്ഷണം

പുത്തേട് നീർത്തട പദ്ധതി 2023-24

വിലയിരുത്തൽ പഠന റിപ്പോർട്ട്



പഠന കാലയളവ് : 2023 – 24

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്, ഇടുക്കി

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

ഷൈലമ്മ കെ.
ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരണക്കണക്ക് വകുപ്പ്
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695 033
കേരളം
ഫോൺ { ഓഫീസ് : 0471-2305318
മൊബൈൽ : 9447115318
ഇ-മെയിൽ : dgdir.des@kerala.gov.in
: ecostatdir@gmail.com
Website : www.ecostat.kerala.gov.in

തീയതി 06-08-2026

സന്ദേശം

പ്രകൃതി നമുക്ക് നൽകിയ ഏറ്റവും വിലപ്പെട്ട സമ്പത്തുകളിൽ ഒന്നാണ് മണ്ണ്. കനത്ത മഴ, വെള്ളപ്പൊക്കം, കാറ്റ്, വനനശീകരണം എന്നിവ കാരണം മണ്ണൊലിപ്പ് കാർഷിക ഉൽപ്പാദനത്തെയും പാരിസ്ഥിതിക സമതുലിതാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനുമായി കാടുകളും മരങ്ങളും വച്ചുപിടിപ്പിക്കുക, തയ്യൽ പുല്ല് അഥവാ രാമച്ചം പോലുള്ള ആവരണവിളകൾ വളർത്തുക, മലഞ്ചെരിവുകളിൽ തട്ടുതട്ടുകളായി തിരിച്ച് കൃഷി ചെയ്യുക എന്നിവ ഇതിൽ പ്രധാനമാണ്. കൂടാതെ, മഴവെള്ളം മണ്ണിലേക്ക് ഇറങ്ങിപ്പോകാൻ സഹായിക്കുന്ന കയ്യാലകൾ, തടയണകൾ, തോടുകളുടെ വരമ്പുകൾ എന്നിവ നിർമ്മിക്കുന്നതും ഫലപ്രദമാണ്.

പ്രദേശത്തെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുമായി മണ്ണ്-ജലസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി സർക്കാർ വിവിധ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ വിലയിരുത്തൽ പഠനം എല്ലാ ജില്ലകളിലും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിവരുന്നു. ജില്ലാതലത്തിൽ 14 ജില്ലകളിലും പ്രത്യേകം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു.

ഇടുക്കി ജില്ലയിൽ 2023-24 ൽ പുത്തേട് നീർത്തട പദ്ധതിയാണ് വിലയിരുത്തൽ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെയും റിസർച്ച് ഓഫീസറുടെയും മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തി സർവ്വേ പൂർത്തീകരിച്ചു. ടി പദ്ധതിയുടെ ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ ശ്രീ. അനിൽകുമാർ സി-യെയും ജീവനക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. സർവെയുടെ പ്രവർത്തനങ്ങളിൽ സഹായം ലഭ്യമാക്കിയ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

ഡയറക്ടർ

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

അനിൽകുമാർ സി
ഡെപ്യൂട്ടി ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്, ഇടുക്കി, പൈനാവ് പി.ഒ.,
കുയിലിമല – 685 603
ഫോൺ നമ്പർ : 04862 – 299511
വെബ് സൈറ്റ് : www.ecostat.kerala.gov.in
ഇ–മെയിൽ : ecostatidk@gmail.com

അവതാരിക

ഇടുക്കി ജില്ലയിലെ കാർഷിക മേഖലയായ അറക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തേട് പ്രദേശത്തിന്റെ പരിസ്ഥിതി പുനരുജ്ജീവനവും സുസ്ഥിര വികസനവും ലക്ഷ്യമിട്ടാണ് 'പുത്തേട് നീർത്തട പദ്ധതി' വിഭാവനം ചെയ്തിരിക്കുന്നത്. തൊടുപുഴ താലൂക്കിൽ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെട്ട അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെട്ടതും അറക്കുളം ഗ്രാമപഞ്ചായത്തിലെ **10, 15** എന്നീ വാർഡുകളിലായിട്ടാണ് പുത്തേട് നീർത്തടം സ്ഥിതി ചെയ്യുന്നത്. നീർത്തടത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതി **720** ഹെക്ടർ ആണ്. മലയോര ഭൂപ്രകൃതിയായ ഇവിടെ കനത്ത മഴക്കാലത്ത് ഉണ്ടാകുന്ന മണ്ണൊലിപ്പ്, മേൽമണ്ണ് നഷ്ടപ്പെടൽ, വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം എന്നിവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

മണ്ണ് സംരക്ഷണത്തിനും ജലസംരക്ഷണത്തിനും അടിയന്തിരമായി ഇടപെടേണ്ട പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് മണ്ണൊലിപ്പ് തടയാൻ പാർശ്വഭിത്തികൾ, കല്ലുകയ്യാലകൾ, മഴക്കുഴികൾ തുടങ്ങിയവ നിർമ്മിക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി. മണ്ണ് സംരക്ഷണം എന്നത് ഇവിടെ ഒരു അടിസ്ഥാന ആവശ്യമായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് പുത്തേട് നീർത്തട പദ്ധതി. റബ്ബർ, കുരുമുളക്, കൊക്കോ, കാപ്പി, തെങ്ങ്, വാഴ, മരച്ചീനി, ഏലം തുടങ്ങിയ പ്രധാന വിളകളും പദ്ധതി പ്രദേശത്ത് കൃഷി ചെയ്യുന്നു. ഉയർന്ന മഴയും നീണ്ടതും, കുത്തനെ ചരിവുള്ളതുമായ ഈ പ്രദേശത്ത് കടുത്ത മണ്ണൊലിപ്പിന് സാധ്യത കൂടുതലാണ്. പ്രദേശത്തെ കൃഷി സംരക്ഷിക്കുന്നതിനായി മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും മഴവെള്ളവും ഫലഭ്രയിഷ്ടമായ മണ്ണും സംരക്ഷിക്കുന്നതിനുമാണ് പുത്തേട് നീർത്തട പദ്ധതി നടപ്പിലാക്കിയത്.

പുത്തേട് നീർത്തട പദ്ധതിക്ക് ശേഷം പ്രദേശത്ത് ഉൽപ്പെട്ട **186** ഗുണഭോക്താക്കളുടെ **91%** കൃഷിയിടങ്ങളിലെ ഉൽപാദനശേഷി വർദ്ധിച്ചതായും, ജലസംഭരണശേഷി വർദ്ധിച്ചതായും സർവ്വേയിലൂടെ അറിയാൻ സാധിച്ചു. പുത്തേട് നീർത്തട പദ്ധതിയുടെ വിലയിരുത്തൽ പഠനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒന്നിച്ച് പ്രവർത്തിച്ച സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഇടുക്കി ജില്ലാ ഓഫീസിലെ ജീവനക്കാരെ അഭിനന്ദിക്കുന്നതോടൊപ്പം വിലയിരുത്തൽ പഠനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കിയ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, ഇടുക്കി ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് നന്ദിയും രേഖപ്പെടുത്തുന്നു.

സർവ്വേയുടെ ഫീൽഡ് ജോലികൾ പൂർത്തിയാക്കിയ ഇൻവെസ്റ്റിഗേറ്റർ ശ്രീമതി സഹൽന സൈനുദ്ദീൻ, സൂപ്പർവൈസ് ചെയ്ത റിസർച്ച് ഓഫീസർ ശ്രീമതി അഞ്ജുമോൾ ശശി എന്നിവരുടെ സേവനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും സ്വാഗതം ചെയ്യുന്നു.

ഇടുക്കി
24/07/2026

ഡെപ്യൂട്ടി ഡയറക്ടർ

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

പീരുമേട് മണ്ണ് സംരക്ഷണം ഓഫീസറുടെ ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾപ്പെട്ട പുത്തേട് നീർത്തടത്തിന്റെ റിപ്പോർട്ട്

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ, ഇടുക്കി ബ്ലോക്കിൽ അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെട്ടതും അറക്കുളം പഞ്ചായത്തിലെ **10, 15** വാർഡുകൾ ഭാഗികമായി ഉൾപ്പെടുന്നതുമായ **720** ഹെക്ടർ ഉൾക്കൊള്ളുന്നതുമാണ് പുത്തേട് നീർത്തട പദ്ധതി പ്രദേശം. വടക്ക് വലിയാർ, തെക്ക് ആനക്കുന്ന് മുടി, കിഴക്ക് മണപ്പാടിത്തോട് വാട്ടർഷെഡ്, പടിഞ്ഞാറ് കൂവപ്പിള്ളി യുമായി ചുറ്റപ്പെട്ടു കിടക്കുന്ന ചെരിവേദിയ പ്രദേശമാണിത്. ടി പ്രദേശത്ത് വർഷകാലത്ത് അനിയന്ത്രിതമായ ഉപരിതല ജലപ്രവാഹം നിയന്ത്രിക്കുന്നതിനും അധികജലം വാർന്ന് പോകുന്നതിനും മണ്ണിന്റെ ഫലപുഷ്ടി ശക്തിപ്പെടുത്തുന്നതിനും വേനൽക്കാലത്തെ വരൾച്ച ഒരു പരിധിവരെ നിയന്ത്രിച്ച് മണ്ണിലെ ഈർപ്പം നിലനിർത്തി കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ ടി പദ്ധതി **89.08%** നേട്ടം കൈവരിച്ച് വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു.

ചെറുകിട നാമമാത്ര കർഷകർ ഉൾപ്പെട്ട ടി പദ്ധതിയിൽ മുഴുവൻ ഭൂവുടമകൾക്കും ടി പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായി **460** ഗുണഭോക്താക്കളുടെ ഭൂമിയിൽ ടി പദ്ധതി പ്രവർത്തനങ്ങളുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. റബർ, കുരുമുളക്, കാപ്പി തെങ്ങ്, വാഴ,കൊക്കോ,പച്ചക്കറികൾ തുടങ്ങിയ കാർഷിക വിളകൾ കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണും ജലസംരക്ഷണവും നടപ്പിലാക്കിയതിനു പുറമേ **25176** തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു. **82400.60** മീറ്റർ സ്ക്വയർ കല്ലുകയ്യാലയും, കരിങ്കല്ല് ഉപയോഗിച്ച് **3** മീറ്റർ ഉയരത്തിൽ **85.50** മീറ്റർ നീളത്തിൽ തീരസംരക്ഷണാർത്ഥം തോട് സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും, കരിങ്കല്ല് ഉപയോഗിച്ച് **2** മീറ്റർ നീളത്തിലുള്ള **145** എണ്ണം ചെക്ക്ഡാമുകളും, **3** മീറ്റർ നീളത്തിലുള്ള **19** എണ്ണം ചെക്കുഡാമുകളും നിർമ്മിക്കുന്നതിനും ചെറുതോടുകളുടെ തീരസംരക്ഷണാർത്ഥം കാട്ടുകല്ലുപയോഗിച്ച് **4684.70** മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും, കൃഷിയ്ക്കും ജലസേചന ആവശ്യങ്ങൾക്കുമായി കോൺക്രീറ്റ് ഉപയോഗിച്ച് ഒരു കുളവും പൂർത്തീകരിക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. ടി പദ്ധതിയിൽ ആകെ **149.3953** ലക്ഷം രൂപ ചെലവഴിച്ചു. കാലവർഷക്കെടുതിക്ക് ഇരയായിത്തീർന്ന ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം പൂത്തേട് നീർത്തട പദ്ധതി ഏറെ അനുഗ്രഹമായിത്തീർന്നു.

പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി പ്രദേശത്തെ ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കർഷക ഗുണഭോക്താക്കൾ, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും, ടി യോഗത്തിൽവച്ച് ഒരു ഗുണഭോക്തൃ കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ടി കമ്മറ്റിയുടെ കൺവീനറായി ശ്രീ മാർട്ടിൻ മാണി, കല്ലറങ്ങാട്ട്, അറക്കുളം പി.ഒ യെ തിരഞ്ഞെടുക്കുകയും ചെയ്തു. ടി കൺവീനറുടെ നേതൃത്വത്തിലാണ് പൂത്തേട് വാട്ടർഷെഡിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

(ഒപ്പ്)
മണ്ണുസംരക്ഷണ ഓഫീസർ
പീരുമേട്.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും

ശ്രീ. അനിൽകുമാർ സി
ഡെപ്യൂട്ടി ഡയറക്ടർ

ശ്രീമതി അഞ്ജുമോൾ ശശി
റിസർച്ച് ഓഫീസർ (ഐ.ഐ.പി)

വിവരശേഖരണം

ശ്രീമതി. സഹൽല സൈനുദ്ദീൽ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് – II

ഡിസൈനിംഗ് & എഡിറ്റിംഗ്

ശ്രീമതി. വിനു. റ്റി
യു ഡി ടൈപ്പിസ്റ്റ്

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

ഉള്ളടക്കം

പ്രധാന വസ്തുതകൾ		8
അധ്യായം – 1 പ്രകൃതി വിഭവ പരിപാലനം		10
1.1	ആമുഖം	10
1.2	മണ്ണ് സംരക്ഷണം	12
1.3	മണ്ണ് സംരക്ഷണവും നീർത്തടങ്ങളും	14
1.4	മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്	15
1.5	നീർത്തടപദ്ധതി - ഉദ്ദേശ്യലക്ഷ്യങ്ങൾ	16
അധ്യായം – 2 പദ്ധതി വിലയിരുത്തൽ രീതിശാസ്ത്രം		18
2.1	രീതിശാസ്ത്രം	20
2.2	വിലയിരുത്തൽ പഠനം - ഉദ്ദേശ്യലക്ഷ്യങ്ങൾ	22
2.3	നിർവചനങ്ങൾ	23
2.4	തിരഞ്ഞെടുത്ത പദ്ധതിയും വിവരശേഖരണ തലങ്ങളും	24
2.5	ഗുണഭോക്തൃ കമ്മിറ്റി	25
അധ്യായം – 3 പുത്തേട് നീർത്തട പദ്ധതി		26
3.1	പദ്ധതി പ്രദേശം	28
3.2	ഗുണഭോക്തൃ പ്ലോട്ട് ഉടമകളുടെ വിവരം	29
3.3	സ്ട്രാറ്റം തിരിച്ചുള്ള വിവരണം	30
3.4	ഗുണഭോക്താക്കളുടെ തൊഴിൽ	30
3.5	ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ	31
3.6	പദ്ധതി പ്രദേശത്തെ താമസം	32
3.7	പദ്ധതി പ്രദേശത്തെ ഭൂവിനിയോഗ രീതി	33
3.8	പദ്ധതി പ്രദേശത്തെ ജലസേചന രീതി	33
3.9	പദ്ധതി പ്രദേശത്തെ ജലസ്രോതസ്	34
3.10	പദ്ധതി പ്രദേശത്തെ ഹ്രസ്വകാല വിളകൾ	35
3.11	പദ്ധതി പ്രദേശത്തെ ദീർഘകാല വിളകൾ	36

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

അധ്യായം – 4 പദ്ധതി പ്രവർത്തനങ്ങൾ		**37**
4.1	**കല്ല് കയ്യാല**	**39**
4.2	**പാർശ്വഭിത്തികൾ**	**40**
4.3	**തട്ടുതിരിക്കൽ**	**41**
4.4	**മഴക്കുഴി**	**42**
4.5	**ഇൻവെസ്റ്റിഗേറ്ററുടെ അഭിപ്രായം**	**43**
4.6	**പദ്ധതികളെക്കുറിച്ചുള്ള അറിവ്**	**44**
4.7	**പദ്ധതി പര്യാപ്തത**	**45**
4.8	**തുടർ പ്രവർത്തനങ്ങൾ**	**45**
4.9	**പരിശീലനം**	**46**
അധ്യായം – 5 പദ്ധതിയുടെ ഗുണങ്ങൾ		**47**
5.1	**മണ്ണിന്റെ ഫലഭൂയിഷ്ഠത**	**48**
5.2	**കാർഷിക പുരോഗതി**	**49**
5.3	**ജലവിതാനം**	**50**
5.4	**കിണറിലെ ജല ലഭ്യത**	**50**
5.5	**തോട്ടിലെ ജലാംശം**	**51**
5.6	**പ്രദേശത്തെ പദ്ധതിയുടെ പ്രയോജനം**	**52**
5.7	**പാരിസ്ഥിതിക പ്രശ്നങ്ങൾ**	**53**
5.7	**പദ്ധതി പ്രദേശത്തെ കൃഷിയും ഉൽപാദനവും**	**54**
അധ്യായം – 6 ഉപസംഹാരം		**55**
അധ്യായം – 7 അനുബന്ധം – ചോദ്യാവലി		**58**

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

പ്രധാന വസ്തുതകൾ

- ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെട്ട അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിൽ ഉൾപ്പെട്ടതും അറക്കുളം ഗ്രാമപഞ്ചായത്തിലെ **10, 15** എന്നീ വാർഡുകളിലായിട്ടാണ് പുത്തേട് നീർത്തടം സ്ഥിതി ചെയ്യുന്നത്.
- പുത്തേട് നീർത്തടത്തിന്റെ വടക്ക് വലിയാർ, തെക്ക് ആനക്കുന്ന് മുടി, കിഴക്ക് മണപ്പാടിത്തോട് നീർത്തടം, പടിഞ്ഞാറ് കൂവപ്പിള്ളിയുമായി ചുറ്റപെട്ടു കിടക്കുന്ന ചെരിവേറിയ പ്രദേശമാണിത്.
- പുത്തേട് നീർത്തട പദ്ധതി നടപ്പിലാക്കിയ പ്രദേശത്തിന്റെ വിസ്തൃതി **720** ഹെക്ടറാണ്. വിസ്തൃതിയിൽ **149** ലക്ഷം രൂപാ മുടക്കിയാണ് പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്.
- പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം **189** ആണ്.
- പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതല നിർവഹിച്ചത്.
- പുത്തേട് നീർത്തട പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ പ്ലോട്ടുകളിൽ കല്ല് കയ്യാല, തടയണകൾ, സംരക്ഷണ ഭിത്തി, തോട് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തിയിട്ടുള്ളത്.
- ഭരണാനുമതി ലഭിച്ച **1,49,39,530/-** രൂപ ചെലവഴിച്ചു കൊണ്ട് പദ്ധതി പൂർത്തിയാക്കി.
- പദ്ധതിയുടെ ഭാഗമായി മഴക്കാലത്ത് ലഭിക്കുന്ന അധിക ജലം സുരക്ഷിതമായി ഒഴുകിപോകുന്നതിനാവശ്യമായ **82486.10** മീ. കല്ല് കയ്യാലയും, **164** എണ്ണം ചെക്ക് ഡാമുകളും, **4684.70** മീ. നീളത്തിൽ സംരക്ഷണ ഭിത്തിയും നിർമ്മിക്കാൻ സാധിച്ചു.
- റബ്ബർ, കുരുമുളക്, കൊക്കോ, കാപ്പി, തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവയാണ് പദ്ധതി പ്രദേശത്തെ പ്രധാന വിളകളാണ്.
- മണ്ണ് സംരക്ഷണ പദ്ധതിയിലൂടെ ദീർഘകാല, കാലിക വിളകളുടെ ആകെ വിസ്തൃതിയിൽ **ഗണ്യമായ** വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
- പദ്ധതിയുടെ ഫലമായി മണ്ണിന്റെയും ജലത്തിന്റെയും അമിതമായ ഒലിച്ചുപോക്ക് ഒരുപരിധി വരെ തടയുവാൻ സാധിച്ചു. മണ്ണിലെ ജൈവാംശം വർദ്ധിക്കുകയും ഫലഭൂയിഷ്ടി മെച്ചപ്പെടുകയും ചെയ്തു.
- തോടുകളിലെ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത് മണ്ണൊലിപ്പ് തടയാനും തോടുകളുടെ വശങ്ങൾ ഇടിഞ്ഞുപോകാതിരിക്കാനുമാണ്.
- പദ്ധതി നടത്തിപ്പിലൂടെ കൃഷിയിൽ നിന്നും കാർഷിക അനുബന്ധ മേഖലകളിൽ നിന്നുമുള്ള വരുമാനം കൂടുകയും തൊഴിൽ ലഭ്യത ഉയരുകയും ചെയ്തിട്ടുണ്ട്.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

പുത്തേട് നീർത്തട പദ്ധതി 2023 – 24

ജില്ലാ	–	ഇടുക്കി
താലൂക്ക്	–	തൊടുപുഴ
വില്ലേജ്	–	അറക്കുളം, ഇലപ്പിള്ളി
ഗ്രാമപഞ്ചായത്ത്	–	അറക്കുളം
പദ്ധതി ആരംഭിച്ച തീയതി	–	11/04/2016
പദ്ധതി പൂർത്തീകരിച്ച തീയതി	–	31/03/2019
ആകെ ചെലവ്	–	Rs. 1,49,39,530/- രൂപാ



File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

അധ്യായം – 1

പ്രകൃതി വിഭവ പരിപാലനം

1.1 ആമുഖം

ഇടുക്കി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജലസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമാണ് പുത്തേട് നീർത്തട പദ്ധതി. വർഷങ്ങൾക്ക് മുൻപ് സമൃദ്ധമായ ജലസ്രോതസ്സുകളാൽ സമ്പന്നമായിരുന്ന പുത്തേട് നീർത്തട പ്രദേശം തുടർച്ചയായ കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയമായ ഭൂവിനിയോഗം, മണ്ണൊലിപ്പ്, തോടുകളുടെയും നീർച്ചാലുകളുടെയും കൈയേറ്റവും നാശവും കാരണം കഠിനമായ വനനശീകരണത്തിനും രൂക്ഷമായ വേനൽക്കാല ജലക്ഷാമത്തിനും സാക്ഷ്യം വഹിക്കേണ്ടി വന്നു. ഈയൊരു പശ്ചാത്തലത്തിലാണ് പ്രദേശത്തെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുമായി മണ്ണ്-ജലസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വിപുലമായ ഒരു നീർത്തട വികസന പദ്ധതിക്ക് തുടക്കമിടുന്നത്. ജനപ്രതിനിധികളും സാങ്കേതിക വിദഗ്ധരും നാട്ടുകാരും ഒത്തുചേർന്ന് നടത്തിയ നീർത്തട പദ്ധതിയിലൂടെയും ആധുനിക ജി.ഐ.എസ് (G I S) മാപ്പിംഗ് സാങ്കേതികവിദ്യയിലൂടെയും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പ്രശ്നങ്ങളും കൃത്യമായി പഠിച്ച ശേഷമാണ് ഇതിന്റെ കൃത്യമായ ആസൂത്രണം നിർവ്വഹിച്ചത്.

തോടുകളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനായി കരിങ്കല്ല് കെട്ടിയ പാർശ്വഭിത്തി സംരക്ഷണം, ഒഴുക്ക് കൂടിയ പ്രദേശങ്ങളിൽ ഭിത്തികളുടെ നിർമ്മാണം, തോടുകളിലെ തടസ്സങ്ങൾ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുക എന്നിവയാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയത്. കൂടാതെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി മലഞ്ചെരിവുകളിൽ ശാസ്ത്രീയമായ കയ്യാലകൾ, തടയണകൾ (Check Dams), മഴക്കുഴികൾ എന്നിവ നിർമ്മിക്കുകയും, മണ്ണൊലിപ്പ് തടയാൻ കയർ ഭൂവസ്ത്രവും

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

രാമച്ചവും വെച്ചുപിടിപ്പിക്കുകയും ചെയ്തു. പ്രാദേശിക ജനതയുടെ ഉപജീവനമാർഗ്ഗങ്ങളെ മെച്ചപ്പെടുത്താനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഈ പദ്ധതിക്ക് കഴിഞ്ഞു. പാഴായിപ്പോകുന്ന ഓരോ തുള്ളി വെള്ളവും മണ്ണിലേക്ക് ഇറക്കിവിട്ടുകൊണ്ട് വരൾച്ചയെ പ്രതിരോധിക്കുന്നു. സർക്കാർ മണ്ണ് സംരക്ഷണ വകുപ്പിലൂടെ വിവിധതരത്തിലുള്ള മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇടുക്കി ജില്ലകളിൽ മണ്ണ് സംരക്ഷണ വകുപ്പ് നടത്തി വരുന്ന വിവിധങ്ങളായ പദ്ധതികളിൽ നിന്നും ഒരു പദ്ധതി തിരഞ്ഞെടുത്ത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വിലയിരുത്തൽ പഠനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്നു.



ഇടുക്കി ജില്ലയിൽ **2023-24** കാലയളവിൽ വകുപ്പ് വിലയിരുത്തൽ പഠനത്തിന് വിധേയമാക്കിയിട്ടുള്ളത് പീരുമേട് സോയിൽ കൺസർവേഷൻ ഓഫീസ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പുത്തേട് നീർത്തട പദ്ധതിയാണ്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെട്ട അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ അറക്കുളം ഗ്രാമപഞ്ചായത്തിലാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. മലയോര മേഖലയായ അറക്കുളത്തെയും ഇലപ്പിള്ളിയിലെയും കൃഷിയിടങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനും, കഠിനമായ വേനലിൽ അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പരിഹാരം കാണാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഒഴുക്കു വെള്ളത്തിന്റെ വേഗത കുറച്ച് മണ്ണിലേക്ക് ഇറക്കിവിടുന്നതിനും, തോടുകളുടെ വശങ്ങൾ

File No. DES/1485/2026-EVA(4) (Computer No. 63047)
Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

ഇടിഞ്ഞുപോകാതെ സംരക്ഷിക്കുന്നതിനുമുള്ള കൃത്യമായ പ്രവർത്തനങ്ങളാണ് ഈ രണ്ട് വില്ലേജുകളിലെയും ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കിട്ടുള്ളത്.

പദ്ധതി പ്രദേശത്തെ കർഷകർക്ക് പ്രയോജനം കിട്ടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മണ്ണ് സംരക്ഷണ വകുപ്പിന്റെ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഗുണഭോക്താക്കളുടെ യോഗം ചേരുകയും അതിൽ നിന്നും കൺവീനർ നയിക്കുന്ന ഒരു 11 അംഗ ഗുണഭോക്തൃ കമ്മറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ടി കമ്മറ്റിയുടെ കൺവീനറായി ശ്രീ. മാർട്ടിൽ മാണി, കല്ലറങ്ങാട്ടിനെ തിരഞ്ഞെടുക്കുകയും കൺവീനറുടെ നേതൃത്വത്തിലുള്ള ഗുണഭോക്തൃ കമ്മിറ്റിയാണ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ ഇതിന് മേൽനോട്ടം വഹിച്ചു.

1.2 മണ്ണ് സംരക്ഷണം

ഇടുക്കി ജില്ലയുടെ മലയോര ഭൂപ്രകൃതിയും കുത്തനെയുള്ള ചരിവുകളും കണക്കിലെടുത്ത്, പുത്തേട് നീർത്തട പദ്ധതിയിൽ മണ്ണ് സംരക്ഷണത്തിന് **(Soil Conservation)** അതീവ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. കനത്ത മഴക്കാലത്ത് ഉണ്ടായേക്കാവുന്ന ഉപരിതല മണ്ണൊലിപ്പ് തടയുന്നതിനും മലഞ്ചെരിവുകളിലെ ഫലഭൂയിഷ്ടമായ മണ്ണ് നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനുമായി ശാസ്ത്രീയവും പ്രകൃതിസൗഹൃദവുമായ നിരവധി പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി മലഞ്ചെരിവുകളിലുള്ള കൃഷിയിടങ്ങളിൽ ഒഴുക്കു വെള്ളത്തിന്റെ വേഗത കുറയ്ക്കുന്നതിനായി കരിങ്കല്ല് കൊണ്ടുള്ള കയ്യാലകൾ നിർമ്മിച്ചു.

തോടുകളുടെയും നീർച്ചാലുകളുടെയും വശങ്ങൾ ഇടിഞ്ഞു പോകാതിരിക്കാൻ കരിങ്കല്ല് കെട്ടിയുള്ള പാർശ്വഭിത്തി സംരക്ഷണവും, വെള്ളത്തിന്റെ കുത്തൊഴുക്കുള്ള ഭാഗങ്ങളിൽ തടയണകളും നിർമ്മിച്ചിട്ടുണ്ട്. മണ്ണിലെ ഈർപ്പം നിലനിർത്താനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിച്ച ഈ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ കാർഷിക മേഖലയ്ക്ക് വലിയൊരു സുരക്ഷാകവചമാണ്.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

അറക്കുളം, ഇലപ്പിള്ളി വില്ലേജുകളുടെ കുത്തനെയുള്ള മലഞ്ചെരിവുകളും ഉയർന്ന ഭൂപ്രകൃതിയും കണക്കിലെടുക്കുമ്പോൾ, ഉപരിതല മണ്ണൊലിപ്പ് **(Sheet Erosion)** തടയുക എന്നത് പുത്തേട് നീർത്തട പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. കനത്ത മഴ പെയ്യുമ്പോൾ മലയോരങ്ങളിലെ ഫലഭൂയിഷ്ഠമായ മേൽമണ്ണ് കുത്തിയൊലിച്ച് പോകുന്നതും, അത് തോടുകളിൽ വന്നടിഞ്ഞ് ജലാശയങ്ങളുടെ ആഴം കുറയ്ക്കുന്നതും തടയാൻ ശാസ്ത്രീയമായ പ്രകൃതിവിഭവ പരിപാലന രീതികളാണ് **(Natural Resource Management)** ഉപയോഗപ്പെടുത്തിട്ടുള്ളത്.





ഭൂമിയുടെ ചരിവിന് അനുസൃതമായി കൃത്യമായ അകലത്തിൽ കരിങ്കല്ല് കയ്യാലകൾ നിർമ്മിച്ച് ഒഴുക്കുവെള്ളത്തിന്റെ വേഗത നിയന്ത്രിക്കുന്നു. ഇത് വഴി മണ്ണ് ഒലിച്ചുപോകുന്നത് പൂർണ്ണമായി തടയാനും കൃഷിയിടങ്ങളിലെ ഈർപ്പം ദീർഘകാലം നിലനിർത്താനും സാധിച്ചു. നീർത്തട പരിധിയിൽ വരുന്ന പ്രധാന തോടുകളുടെയും ശാഖാചാലുകളുടെയും വശങ്ങൾ ഇടിഞ്ഞുപോകാതിരിക്കാൻ ആവശ്യാനുസരണം കരിങ്കല്ല് കെട്ടുകൾ നിർമ്മിചക്കുന്നു. മണ്ണൊലിപ്പ് സാധ്യത കൂടുതലുള്ള തിട്ടകളിലും തോടുകളുടെ വശങ്ങളിലും കരിങ്കല്ല് കൊണ്ടുള്ള കയ്യാലകൾ നിർമ്മിച്ച് ഒഴുക്കുവെള്ളം സുഗമമായി ഒഴുകി പോകുന്നതിനായി പ്രസ്തുത പദ്ധതി സഹായകരമായി. ഇതിന് മുകളിലായി വേരുകൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങി തിട്ടകളെ സംരക്ഷിക്കുന്ന രാമച്ചം, കല്ല്യാണസൗഗന്ധികം, മറ്റ് പ്രാദേശിക പുല്ലുകൾ എന്നിവ വെച്ചുപിടിപ്പിച്ചു. നീർച്ചാലുകളിലൂടെ മണ്ണ് ഒലിച്ചുപോകുന്നത് തടയാൻ കല്ലുകൾ

File No. DES/1485/2026-EVA(4) (Computer No. 63047)
Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കൊണ്ടുള്ള താൽക്കാലിക തടയണകൾ നിർമ്മിച്ച് ഒഴുക്കുവെള്ളത്തിലെ മൺതരികളെ അവിടെത്തന്നെ നിർത്തി വെള്ളം കടത്തിവിടാൻ സഹായിക്കുന്നു.

1.3 മണ്ണ് സംരക്ഷണവും നീർത്തടങ്ങളും

ഇടുക്കി ജില്ലാ കേരളത്തിലെ ഏറ്റവും വലിതും പരിസ്ഥിതി സമ്പന്നവുമായ ജില്ലകളിൽ ഒന്നാണ്. മലനിരകളും കാടുകളും ജലാശയങ്ങളും ചേർന്ന ഈ ഭൂപ്രദേശത്ത് മണ്ണിടിച്ചിലും ജലവിഭവങ്ങളുടെ നാശവും പ്രധാന പ്രശ്നങ്ങളായി നിലകൊള്ളുന്നു. പ്രകൃതിശക്തികളും മനുഷ്യനിർമ്മിത ഇടപെടലുകളും ചേർന്നാണ് ഇവ പലയിടത്തും ഗുരുതരമാകുന്നത്. അതിനാൽ മണ്ണും നീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി എടുക്കേണ്ടത് വളരെ അത്യാവശ്യവുമാണ്.

ഒരു നീർത്തടത്തിന്റെ **(Watershed)** നിലനിൽപ്പും അതിലെ മണ്ണ് സംരക്ഷണവും **(Soil Conservation)** പരസ്പരബന്ധിതമാണ് എന്ന ശാസ്ത്രീയ തത്വത്തെ അടിസ്ഥാനമാക്കിയാണ് പുത്തേട് നീർത്തട പദ്ധതിയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിൽ വീഴുന്ന മഴവെള്ളം ഒരു പൊതുവായ തോടിലേക്കോ ജലാശയത്തിലേക്കോ ഒഴുകിയെത്തുന്ന നിർദ്ദിഷ്ട ഭൗമശാസ്ത്രപരമായ അതിർത്തിയെയാണ് നീർത്തടം എന്ന് വിളിക്കുന്നത്. ഇടുക്കി ജില്ലയിലെ അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ ഉയർന്ന മലഞ്ചെരിവുകളിൽ പെയ്യുന്ന കനത്ത മഴ, കുത്തിയൊലിച്ച് താഴേക്ക് വരുമ്പോൾ മേൽമണ്ണിലെ ജൈവാംശങ്ങളെ പൂർണ്ണമായി നഷ്ടപ്പെടുത്തുകയും കൃഷിയിടങ്ങളെ തരിശാക്കുകയും ചെയ്യുന്നു. ഈ ഒഴുക്കുവെള്ളം വഴിമാറി ഒഴുകി തോടുകളുടെ വശങ്ങൾ ഇടിച്ച് നിരത്തുകയും, മണ്ണും എക്കലും അടിഞ്ഞ് തോടുകളുടെ ആഴം കുറച്ച് വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്തിരുന്നു. ഈ വലിയ വെല്ലുവിളിയെ പ്രതിരോധിക്കാൻ വേണ്ടിയാണ് പുത്തേട് പദ്ധതി നടപ്പിലാക്കിയത്.

മലമുകളിലെ ഉയർന്ന ഭാഗങ്ങളിൽ വെച്ചുപിടിപ്പിച്ച ജൈവവേലികളും നിർമ്മിച്ച തടയണകളും ഒഴുക്കുവെള്ളത്തിന്റെ ആദ്യഘട്ട വേഗതയെ കുറയ്ക്കുന്നു. വെള്ളത്തിന്റെ വേഗത കുറയുമ്പോൾ അത് മണ്ണിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുകയും, മൺതരികളെ ഒഴുക്കിക്കൊണ്ടുപോകാതെ അവിടെത്തന്നെ നിലനിർത്തുകയും ചെയ്യുന്നു.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

നീർത്തടത്തിന്റെ മധ്യഭാഗങ്ങളിലുള്ള കൃഷിയിടങ്ങളിൽ നിർമ്മിച്ച കരിങ്കല്ല് കയ്യാലകളും മൺതിട്ടകളും മണ്ണൊലിപ്പിന്റെ തീവ്രത പൂർണ്ണമായും തടഞ്ഞു. ഏറ്റവും താഴത്തെ തട്ടിലുള്ള തോടുകളിലും നീർച്ചാലുകളിലും കരിങ്കല്ല് ഭിത്തികളും തടയണകൾ നിർമ്മിച്ചതിലൂടെ വശങ്ങളിലെ മണ്ണ് ഇടിയുന്നത് ശാശ്വതമായി ഇല്ലാതാക്കാൻ കഴിഞ്ഞു. ചുരുക്കത്തിൽ, മുകൾത്തട്ടുമുതൽ താഴേത്തട്ടുവരെ ഘട്ടംഘട്ടമായി നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, പ്രദേശത്തെ മണ്ണിന്റെ ഫലഭൂയിഷ്ഠത കാത്തുസൂക്ഷിക്കുക മാത്രമല്ല, ഭൂഗർഭ ജലനിരപ്പ് ഉയർത്തി പുത്തേട് നീർത്തട പരിധിയിലെ ജലസ്രോതസ്സുകളെ വറ്റാതെ നിലനിർത്താനും സഹായിച്ചിട്ടുണ്ട്.



1.4 മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

മണ്ണ് സംരക്ഷണത്തിനായി പലതരത്തിലുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പാണ്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ വികസനത്തിനായുള്ള പദ്ധതികളും വിവിധ മണ്ണ്, ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ, അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ മണ്ണിന്റെ ഘടന, ആഴം, ചരിവ്, മണ്ണൊലിപ്പിന്റെ തീവ്രത എന്നിവ കൃത്യമായി പഠിക്കാൻ വകുപ്പിന്റെ കീഴിലുള്ള വിദഗ്ധർ വിപുലമായ മണ്ണ് പര്യവേക്ഷണം **(Soil Survey)** നടത്തുകയുണ്ടായി. ഇതിലൂടെ ലഭ്യമായ ശാസ്ത്രീയ വിവരങ്ങളുടെ **(Data)** അടിസ്ഥാനത്തിലാണ് പദ്ധതി പ്രദേശത്തിന് ഏറ്റവും അനുയോജ്യമായ മണ്ണ്-

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

ജലസംരക്ഷണ മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചത്. കുത്തനെയുള്ള മലഞ്ചെരിവുകളായ അറക്കുളത്തിന്റെ ഭൂപ്രകൃതിക്ക് ഇണങ്ങുന്ന രീതിയിലുള്ള കരിങ്കല്ല് കയ്യാലകൾ, തടയണകൾ, തോട് സൈഡ് സംരക്ഷണ ഭിത്തികൾ എന്നിവയുടെ നിർമ്മാണ രൂപരേഖ **(Design and Estimates)** തയ്യാറാക്കുന്നതിൽ വകുപ്പ് മുഖ്യ പങ്കുവഹിച്ചു. കൂടാതെ, മണ്ണൊലിപ്പ് തടയാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും ആവശ്യമായ സാങ്കേതിക പരിശീലനം നൽകിയതും മണ്ണ് സംരക്ഷണ വകുപ്പാണ്. പ്രകൃതിവിഭവങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ ഈ ശാസ്ത്രീയ ഇടപെടലുകളാണ് പുത്തേട് നീർത്തട പദ്ധതി.

1.5 നീർത്തടപദ്ധതി - ഉദ്ദേശ്യലക്ഷ്യങ്ങൾ

1. അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ കുത്തനെയുള്ള മലഞ്ചെരിവുകളിൽ നിന്നുള്ള ഉപരിതല മണ്ണൊലിപ്പ് ശാസ്ത്രീയമായ കയ്യാലകളിലൂടെയും തടയണകളിലൂടെയും പ്രതിരോധിച്ച് മേൽമണ്ണിലെ ജൈവാംശം നഷ്ടപ്പെടാതെ സൂക്ഷിക്കുക.
2. മഴവെള്ളം പരമാവധി മണ്ണിലേക്ക് ഇറക്കിവിടുന്നതിനായി മഴക്കുഴികൾ, തടയണകൾ എന്നിവ നിർമ്മിച്ച് ഭൂഗർഭ ജലസംഭരണം വർദ്ധിപ്പിക്കുകയും വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുകയും ചെയ്യുക.
3. നീർത്തട പരിധിയിലെ തോടുകൾ, ചാലുകൾ, കുളങ്ങൾ എന്നിവയിലെ എക്കലും മാലിന്യങ്ങളും നീക്കി സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുക.
4. കരിങ്കല്ല് കെട്ടുകൾ, ഗാബിയൻ ഭിത്തികൾ എന്നിവ വഴി തോടുകളുടെ വശങ്ങൾ ഇടിഞ്ഞുപോകുന്നത് തടഞ്ഞ് കൃഷിയിടങ്ങളും ജനവാസ മേഖലകളും സുരക്ഷിതമാക്കുക.
5. മണ്ണിൽ ദീർഘകാലം ഈർപ്പം നിലനിർത്തിക്കൊണ്ട് അറക്കുളം ഗ്രാമപഞ്ചായത്തിലെ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും കർഷകരുടെ വരുമാനം ഉറപ്പാക്കുകയും ചെയ്യുക.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

6. മണ്ണൊലിപ്പ് സാധ്യതയുള്ള പ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം, പുല്ലുകൾ തുടങ്ങിയവ വെച്ചുപിടിപ്പിച്ച് പ്രകൃതിസൗഹൃദ സംരക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുക.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഫലപ്രദമായി വിനിയോഗിച്ച് പ്രാദേശിക ജനവിഭാഗങ്ങൾക്ക് തൊഴിൽ നൽകിക്കൊണ്ട് വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുക.
8. മലമുകളിൽ നിന്ന് തുടങ്ങി താഴെവരെയുള്ള പ്രകൃതിവിഭവങ്ങളെ ഘട്ടംഘട്ടമായി സംരക്ഷിച്ച് സമഗ്രമായ പാരിസ്ഥിതിക സന്തുലനം കൈവരിക്കുക.
9. മഴവെള്ളം പരമാവധി സംഭരിക്കുന്നതിനും കൃഷിക്കും കുടിവെള്ളത്തിനും ആവശ്യമായ വെള്ളം ഉറപ്പാക്കുന്നതിനും ജലസംഭരണ സൗകര്യങ്ങൾ വികസിപ്പിക്കുക.
10. ജലത്തിന്റെ ഒഴുക്ക് നിയന്ത്രിച്ച് പ്രളയവും വരൾച്ചയും പോലുള്ള അത്യാഹിതങ്ങൾ കുറയ്ക്കുക.

വാട്ടർഷെഡ് അറ്റ്ലസ്



File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

അധ്യായം – 2

പദ്ധതി വിലയിരുത്തൽ രീതിശാസ്ത്രം

ഇടുക്കി ജില്ലയിലെ കാർഷിക മേഖലയായ അറക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തേട് പ്രദേശത്തിന്റെ പരിസ്ഥിതി പുനരുജ്ജീവനവും സുസ്ഥിര വികസനവും ലക്ഷ്യമിട്ടാണ് 'പുത്തേട് നീർത്തട പദ്ധതി' വിഭാവനം ചെയ്തിരിക്കുന്നത്. മലയോര ഭൂപ്രകൃതിയായ ഇവിടെ മഴക്കാലത്ത് ഉണ്ടാകുന്ന മണ്ണൊലിപ്പ്, മേൽമണ്ണ് നഷ്ടപ്പെടൽ, വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം എന്നിവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.



മഴവെള്ളത്തിന്റെ കുത്തൊഴുക്ക് നിയന്ത്രിച്ചു മണ്ണൊലിപ്പും മണ്ണിടിച്ചിലും തടയുക. ഭൂഗർഭ ജലനിരപ്പ് ഉയർത്തി വേനൽക്കാലത്തെ വരൾച്ചയ്ക്ക് പരിഹാരം കാണുക. മേൽമണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക. പരിസ്ഥിതിയും ജൈവവൈവിധ്യവും പുനഃസ്ഥാപിക്കുക. **2023-24** സാമ്പത്തിക വർഷത്തിൽ മണ്ണ്-ജല സംരക്ഷണ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

മണ്ണ് സംരക്ഷണം മലഞ്ചെരിവുകളിൽ കല്ല് കയ്യാലകൾ **(Stone Bunds),**

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കോണ്ടൂർ ബണ്ടുകൾ എന്നിവ നിർമ്മിച്ച് മണ്ണൊലിപ്പ് തടയൽ, ജലസംരക്ഷണം കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കൽ, ജലസംഭരണത്തിനായി സ്വാഭാവിക തോടുകളിൽ തടയണകൾ (Check Dams) സ്ഥാപിക്കൽ, ജൈവ സംരക്ഷണം തോടുകളുടെ വശങ്ങൾ ഇടിയാതിരിക്കാൻ രാമച്ചം, വെട്ടിവേര്, മുള എന്നിവ വച്ചുപിടിപ്പിക്കൽ, കാർഷിക വികസനം കർഷകർക്ക് മണ്ണ് സംരക്ഷണ രീതികളെക്കുറിച്ച് ബോധവൽക്കരണം നൽകൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

മഴവെള്ളം മണ്ണിലേക്ക് ഇറങ്ങുന്നതിലൂടെ പ്രദേശത്തെ കിണറുകളിലും ജലാശയങ്ങളിലും ജലനിരപ്പ് ഉയരുകയും ചരിവുകളിലെ ശാസ്ത്രീയമായ കയ്യാല നിർമ്മാണം വഴി വലിയ തോതിലുള്ള മണ്ണിടിച്ചിൽ തടയാനും സാധിക്കും. മണ്ണിലെ ഈർപ്പവും പോഷകങ്ങളും നിലനിൽക്കുന്നതിനാൽ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിക്കും.

ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലാണ് പുത്തേട് നീർത്തട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജനപങ്കാളിത്തത്തോടെ ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താനും കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും സാധിക്കും. മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതികൾ നടപ്പാക്കുന്നു. ഇതിനായി പദ്ധതി പ്രദേശത്തെ മുഴുവൻ കുടുംബങ്ങളെയും നേരിൽ സന്ദർശിച്ച് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ (അനുബന്ധം) അടിസ്ഥാനത്തിൽ, വിവരശേഖരണം നടത്തുകയും അവ സമഗ്രമായി വിശകലനം ചെയ്ത് അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

പുത്തേട് നീർത്തട പദ്ധതി പ്രദേശത്തെ മണ്ണുകളിൽ പ്രധാനമായും കാണപ്പെടുന്നത് ചെങ്കൽ മണ്ണാണ് (Laterite Soil). ഇരുമ്പ്, അലുമിനിയം എന്നിവയുടെ ഓക്സൈഡുകൾ ധാരാളമായി അടങ്ങിയിട്ടുള്ളതിനാലാണ് ഈ മണ്ണിന് ചുവപ്പ് നിറം ലഭിക്കുന്നത്.



File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കളിമണ്ണിന്റെയും മണലിന്റെയും മിശ്രിതമായ ഈ മണ്ണ് കഠിനവും സുഷിരങ്ങളുള്ളതുമാണ്. മഴവെള്ളം എളുപ്പത്തിൽ മണ്ണിലേക്ക് ഇറങ്ങുമെങ്കിലും, ഇതിന് ഈർപ്പം നിലനിർത്താനുള്ള ശേഷി കുറവാണ്. കൂടാതെ, ജൈവാംശവും ഫലഭൂയിഷ്ഠതയും പൊതുവെ കുറവായതിനാൽ ഈ മണ്ണിൽ കൃഷി മെച്ചപ്പെടുത്താൻ ശാസ്ത്രീയമായ ജലസംരക്ഷണവും ജൈവവള പ്രയോഗവും ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് നീർത്തട പദ്ധതിയിലൂടെ മണ്ണൊലിപ്പ് തടയാനും മണ്ണിന്റെ ഈർപ്പവും ഫലഭൂയിഷ്ഠതയും നിലനിർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നത്.

2.1 രീതിശാസ്ത്രം

പുത്തേട് നീർത്തട പദ്ധതിയുടെ ഗുണഫലങ്ങളും ലക്ഷ്യപ്രാപ്തിയും ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനായി ബഹുമുഖങ്ങളായ വിവരശേഖരണ - പഠന രീതികളാണ് അവലംബിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ യഥാർത്ഥ പ്രതിഫലനങ്ങൾ കൃത്യമായി വിലയിരുത്താൻ പ്രാഥമികവും ദ്വിതീയവുമായ വിവരശേഖരണ തലങ്ങൾ **(Primary and Secondary Data Collection)** സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു രീതിശാസ്ത്രമാണ് ഇതിനായി രൂപകൽപ്പന ചെയ്തത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ അടിസ്ഥാന വിവരങ്ങളും രേഖകളും അവലോകനം ചെയ്തുകൊണ്ട്, പ്രദേശത്തിന്റെ ഭൗതികവും ഭൂമിശാസ്ത്രപരവുമായ മാറ്റങ്ങളെ വിലയിരുത്തി.

പദ്ധതിയുടെ സാമൂഹിക-സാമ്പത്തിക വിവരങ്ങൾ മനസ്സിലാക്കുന്നതിനായി ഗുണഭോക്താക്കളായ കർഷകരെയും തദ്ദേശവാസികളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ ഫീൽഡ് സർവേകൾ നടത്തി. പദ്ധതി പ്രദേശത്ത് നിർമ്മിച്ച കരിങ്കല്ല് കയ്യാലകൾ, തടയണകൾ, തോടിന്റെ വശങ്ങൾ, സംരക്ഷണ ഭിത്തികൾ എന്നിവയുടെ നിലവിലെ അവസ്ഥ നേരിട്ട് കണ്ട് വിലയിരുത്തുകയുണ്ടായി. നിർദ്ദിഷ്ട ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്ന് പരിശോധിക്കാൻ, പദ്ധതി നടപ്പിലാക്കുന്നതിന് മുൻപും ശേഷവുമുള്ള കാർഷിക ഉൽപ്പാദനക്ഷമത, ഭൂഗർഭ ജലനിരപ്പിലെ വ്യതിയാനം, മണ്ണൊലിപ്പിലുണ്ടായ കുറവ് എന്നിവ താരതമ്യം ചെയ്തുകൊണ്ടുള്ള സ്ഥിതിവിവരക്കണക്കുകളുടെ വിശകലനവും ഈ

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

രീതിശാസ്ത്രത്തിന്റെ പ്രധാന ഭാഗമാണ്. ഇത്തരം കൃത്യമായ മാനദണ്ഡങ്ങളിലൂടെയും ഗുണഭോക്തൃ സർവേകളിലൂടെയുമാണ് പദ്ധതിയുടെ ആകെ വിജയവും സുസ്ഥിരതയും ഈ പഠനത്തിൽ വിലയിരുത്തിയിരിക്കുന്നത്.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ജില്ലകളിൽ നടപ്പാക്കിയ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനത്തിന്റെ കാലയളവ് കാർഷിക വർഷമാണ് (ജൂലൈ 1 മുതൽ ജൂൺ 30 വരെ). മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ സമ്പൂർണ വിവരങ്ങൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും ശേഖരിച്ച് പദ്ധതികളുടെ ഫ്രെയിം തയ്യാറാക്കി അതിൽ നിന്നും സിമ്പിൾ റാൻഡം സാംപ്ലിങ് വഴി ഒരു പദ്ധതി തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശാസ്ത്രീയമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിയ്ക്കുന്നു. തെരഞ്ഞെടുത്ത പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം 100 ൽ താഴെയാണെങ്കിൽ, രണ്ടു പദ്ധതികൾ തെരഞ്ഞെടുത്ത് എല്ലാ ഗുണഭോക്താക്കളെയും സർവേയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നു.

2023-24 വർഷം വിലയിരുത്തൽ പഠനത്തിനായി പുത്തേട് നീർത്തട പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളെ കൂടാതെ പദ്ധതി പ്രദേശത്ത് സ്ഥലമുള്ള എല്ലാവരെയും സർവ്വെയുടെ ഭാഗമാക്കി വിവരശേഖരണം നടത്തിയിരുന്നു. പദ്ധതി വിലയിരുത്തൽ പഠനം കൂടുതൽ ഫലപ്രദമാകുന്നതിലേയ്ക്കായി പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ കൈവശഭൂമിയുടെ (ലാൻഡ് ഹോൾഡിങ്ങ്) വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 4 സ്ട്രാറ്റങ്ങളായി വിഭജിക്കുന്നു. ഇത് സംബന്ധിച്ച വിശദാംശം പട്ടികയിൽ നൽകിയിട്ടുണ്ട്.

സ്ട്രാറ്റം	ഭൂവിസ്തൃതി (ഏക്കറിൽ)	ഭൂവിസ്തൃതി (ഹെക്ടറിൽ)
I	1 ഏക്കറിന് താഴെ	0.40 ഹെക്ടറിനു താഴെ
II	1 മുതൽ 3 ഏക്കറിന് താഴെ	0.40 മുതൽ 1.21ന് താഴെ
III	3 മുതൽ 5 ഏക്കറിന് താഴെ	1.21 മുതൽ 2.02 ന് താഴെ
IV	5 ഏക്കറിനും അതിനു മുകളിലും	2.02 ഹെക്ടറിനും അതിനു മുകളിലും

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

തുടർന്ന് മുഴുവൻ ഗുണഭോക്താക്കളെ പദ്ധതി നടപ്പിലാക്കിയ സ്ഥലത്തിന്റെ ഭൂപ്രകൃതി (മുകൾത്തട്ട്, നടുത്തട്ട്, താഴെത്തട്ട്), ഗുണഭോക്താക്കളുടെ സാമൂഹികാവസ്ഥ (പട്ടിക ജാതി, പട്ടിക വർഗ്ഗം, മറ്റുള്ളവർ) എന്നിങ്ങനെ തരംതിരിച്ച് വിവരങ്ങൾ ശേഖരിയ്ക്കുന്നു. മേൽപ്പറഞ്ഞ പ്ലോട്ടുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ജില്ലാതല സൂപ്പർവൈസറി ഓഫീസറുടെ മേൽനോട്ടത്തിൽ സർവേ നടത്തുന്നു. പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്ത്, കാർഷിക മേഖലയിലും ഭൂഗർഭ ജലവിതാനത്തിലും മണ്ണ് സംരക്ഷണത്തിലും ഉണ്ടായ മാറ്റം സർവേയിലൂടെ വിലയിരുത്തുന്നു.

2.2 വിലയിരുത്തൽ പഠനം - ഉദ്ദേശ്യലക്ഷ്യങ്ങൾ

പുത്തേട് നീർത്തട പദ്ധതിയുടെ വിജയവും അതിന്റെ വിവിധ പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങളിൽ എത്രത്തോളം എത്തിച്ചേർന്നു എന്നും പരിശോധിക്കുന്നതിനാണ് ഈ വിലയിരുത്തൽ പഠനം **(Evaluation Study)** നടത്തുന്നത്. അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ പ്രകൃതിവിഭവ പരിപാലനത്തിനായി നടപ്പിലാക്കിയ പുത്തേട് നീർത്തട പദ്ധതിയുടെ യഥാർത്ഥ ഗുണങ്ങളും പ്രതിഫലനങ്ങളും ആഴത്തിൽ വിശകലനം ചെയ്യുക എന്നതാണ് ഈ വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച തോടിന്റെ വശം, സംരക്ഷണ ഭിത്തികൾ, കരിങ്കല്ല് കയ്യാലകൾ എന്നിവയിലൂടെ ഉപരിതല മണ്ണൊലിപ്പ് എത്രത്തോളം തടയാൻ സാധിച്ചുവെന്നും, മൺതിട്ടകളുടെയും കൃഷിയിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിഞ്ഞുവെന്നും ഈ പഠനം വിലയിരുത്തുന്നു. മഴക്കുഴികൾ, തടയണകൾ എന്നിവയുടെ നിർമ്മാണം വഴി പ്രദേശത്തെ ഭൂഗർഭ ജലനിരപ്പിലുണ്ടായ ഗുണപരമായ മാറ്റങ്ങളും, കിണറുകളിലെയും മറ്റ് പരമ്പരാഗത ജലസ്രോതസ്സുകളിലെയും ജലലഭ്യതയിലുണ്ടായ വർദ്ധനവും അളക്കുക എന്നത് ഇതിന്റെ മറ്റൊരു പ്രധാന ലക്ഷ്യമാണ്.

പദ്ധതി പ്രദേശത്തെ ഈർപ്പസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വിള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാന മാർഗ്ഗങ്ങളെ മെച്ചപ്പെടുത്തുന്നതിനും എത്രത്തോളം സഹായകരമായി എന്ന് ഈ പഠനത്തിലൂടെ വിലയിരുത്തുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളിത്തം പ്രാദേശിക

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

ജനങ്ങൾക്ക് നൽകിയ തൊഴിലവസരങ്ങളെക്കുറിച്ചും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സാങ്കേതിക ഇടപെടലുകളുടെ ഫലപ്രാപ്തിയെക്കുറിച്ചും പഠനവിധേയമാക്കുന്നുണ്ട്. ചുരുക്കത്തിൽ, പദ്ധതിയുടെ പാരിസ്ഥിതിക, സാമൂഹിക-സാമ്പത്തിക ആഘാതങ്ങൾ **(Socio-Economic Impacts)** കൃത്യമായി വിലയിരുത്തി, ഭാവിയിൽ ഇത്തരം നീർത്തട പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും അനുമാനങ്ങളും സമർപ്പിക്കുക എന്നതാണ് ഈ പഠനത്തിന്റെ അന്തിമ ലക്ഷ്യം.



2.3 നിർവചനങ്ങൾ

ഭൂമിശാസ്ത്രപരമായി ഒരു പ്രത്യേക പ്രദേശത്ത് പെയ്യുന്ന മഴവെള്ളം മുഴുവൻ ഒരൊറ്റ പൊതുവായ തോടിലോ, പുഴയിലോ, ജലാശയത്തിലോ ഒഴുകിയെത്തുന്ന നിർദ്ദിഷ്ട ഭൗമശാസ്ത്രപരമായ അതിർത്തിയെയാണ് നീർത്തടം **(Watershed)** എന്ന് നിർവചിക്കുന്നത്. ഇത്തരം മലയോര നീർത്തടങ്ങളിൽ കനത്ത മഴ മൂലം ഫലഭൂയിഷ്ടമായ മേൽമണ്ണ് കുത്തിയൊലിച്ച് പോകുന്നത് തടയാനും മണ്ണിന്റെ ഗുണമേന്മ നിലനിർത്താനും നടപ്പിലാക്കുന്ന സാങ്കേതികവും ജൈവപരവുമായ എല്ലാവിധ ഇടപെടലുകളെയും മണ്ണൊലിപ്പ് സംരക്ഷണം **(Soil Conservation)** എന്ന്

File No. DES/1485/2026-EVA(4) (Computer No. 63047)
Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

വിളിക്കുന്നു. ഇതിനായി മലഞ്ചെരിവുകളിൽ ഭൂമിയുടെ ചരിവിന് അനുസ്യൂതമായി **(Contour Lines)** ഒരേ ഉയരത്തിൽ കരിങ്കല്ല് കൊണ്ടോ മണ്ണുകൊണ്ടോ നിർമ്മിക്കുന്ന ചെറിയ വരമ്പുകളെയാണ് കയ്യാലകൾ **(Contour Bunds)** എന്ന് പറയുന്നത്; ഇവ ഒഴുക്കുവെള്ളത്തിന്റെ വേഗത കുറയ്ക്കാനും മണ്ണൊലിപ്പ് തടയാനും സഹായിക്കുന്നു.



വെള്ളത്തിന്റെ കുത്തൊഴുക്കും മണ്ണൊലിപ്പും കൂടുതലുള്ള തോടുകളുടെ വശങ്ങളിൽ ശക്തമായ കരിങ്കല്ലുകൾ നിറച്ചുണ്ടാക്കുന്ന സംരക്ഷണ ഭിത്തികളെ നിർമ്മിച്ചിരിക്കുന്നു. പ്രകൃതിദത്തമായ മാർഗ്ഗങ്ങളിലൂടെ മണ്ണ് സംരക്ഷിക്കുന്ന ശാസ്ത്രീയ രീതിയാണ് ജൈവ സംരക്ഷണ രീതികൾ **(Bio-engineering)**. മണ്ണൊലിപ്പ് സാധ്യതയുള്ള തിട്ടകളിൽ കയർ ഭൂവസ്ത്രം **(Coir Geotextiles)** വിരിച്ച്, അതിൽ വേരുകൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന രാമച്ചം പോലുള്ള പുല്ലുകൾ വെച്ചുപിടിപ്പിക്കുന്ന പ്രക്രിയ ഇതിന്റെ മികച്ച ഉദാഹരണമാണ്.

2.4 തിരഞ്ഞെടുത്ത പദ്ധതിയും വിവരശേഖരണ തലങ്ങളും

2023-24 വർഷത്തെ വിലയിരുത്തൽ പഠന സർവേയ്ക്കായി പരിഗണിച്ചത് **2020** ഏപ്രിൽ **01** മുതൽ **2021** മാർച്ച് **31** വരെയുള്ള കാലയളവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പൂർത്തീകരിച്ചത് പുത്തേട് നീർത്തടം, പശുമല നീർത്തടം, പുറക്കയം നീർത്തടം എന്നീ പദ്ധതികളാണ്. അതിൽ നിന്നും **2019** ജൂൺ മാസം പൂർത്തീകരിച്ച പുത്തേട് നീർത്തട പദ്ധതിയാണ് വിലയിരുത്തൽ പഠന

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

സർവേയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഉൾപ്പെട്ട 189 ഗുണഭോക്താക്കളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിനോടൊപ്പം പദ്ധതി പ്രദേശത്ത് സ്ഥലമുള്ളതും എന്നാൽ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ 34 കുടുംബങ്ങളിൽ നിന്നും കൂടി വിവരങ്ങൾ ശേഖരിച്ചു.

2.5 ഗുണഭോക്തൃ കമ്മിറ്റി

പുത്തേട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മറ്റിയുടെ കൺവീനറായി ശ്രീ. മാർട്ടിൻ മാണി, കല്ലറങ്ങാട്ട് എന്ന ഗുണഭോക്താവിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ടി കമ്മിറ്റിയാണ് പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്. ഗുണഭോക്താക്കൾക്ക് വളരെയേറെ ഫലപ്രദമായ രീതിയിലും അവരുടെ ആവശ്യങ്ങൾ പരിഗണിച്ചും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ ഗുണഭോക്തൃ കമ്മിറ്റിയുടെ പങ്ക് വളരെ വലുതാണ്.

ക്രമ നം	പേര്	സ്ഥാനപ്പേര്
1	ശ്രീ. മാർട്ടിൻ മണി, കല്ലാരങ്ങാട്ട്	കൺവീനർ
2	ശ്രീ. പി. ജെ. ജോസഫ്, പാറയ്ക്കൽ	അംഗം
3	ശ്രീ. മാണി ജോസഫ്, മുണ്ടത്താനത്ത്	അംഗം
4	ശ്രീ. ജോൺസൺ, ആലപ്പാട്ട്	അംഗം
5	ശ്രീ. ജോജോ (മാത്യു കെ വി), കുരിശുമൂട്ടിൽ	അംഗം
6	ശ്രീ. ബിനു ജോർജ്, ചായംപ്ലാക്കൽ	അംഗം
7	ശ്രീ. സാബു സേത്ത്, ഇളംപ്ലാശ്ശേരിൽ	അംഗം
8	ശ്രീമതി. ഓമന ജോൺസൺ, ഈന്തനാൽ	അംഗം
9	ശ്രീ. സിബി, നെല്ലിക്കുന്നേൽ	അംഗം
10	ശ്രീ. സാഗർ കെ കെ, കുഴിക്കാട്ടിൽ	അംഗം
11	ശ്രീമതി സിസിലി ജോസഫ്, എലുവമക്കൽ	അംഗം

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

അധ്യായം – 3

പുത്തേട് നീർത്തട പദ്ധതി

തദ്ദേശീയമായ പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പും ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളുടെ പുരോഗതിയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്രമായ ഒരു പദ്ധതിയാണ് പുത്തേട് നീർത്തട പദ്ധതി **(2023 - 24).** പ്രസ്തുത പ്രദേശത്തെ മണ്ണ്, ജലം, സസ്യജാലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നു. ശാസ്ത്രീയമായ നീർത്തട തത്വങ്ങൾ അടിസ്ഥാനമാക്കിയാണ് പദ്ധതി പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ **(Soil and Water Conservation)** നീർത്തട പ്രദേശത്തെ ഉപരിതല മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനുമായി വൈവിധ്യമാർന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കുന്നിൻചരിവുകളിൽ മണ്ണിന്റെ ഘടനയ്ക്കനുസരിച്ച് മൺകയ്യാലകളും കല്ലുകയ്യാലകളും നിർമ്മിച്ച് ഉപരിതല ജലപ്രവാഹത്തിന്റെ വേഗത നിയന്ത്രിക്കുന്നു. ഇതിലൂടെ ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒലിച്ചുപോകുന്നത് തടയാൻ സാധിക്കുന്നു. കൂടാതെ, പരമാവധി മഴവെള്ളം മണ്ണിലേക്ക് ഇറക്കിവിടുന്നതിനായി





File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

ശാസ്ത്രീയമായ രീതിയിലുള്ള മഴക്കുഴികളുടെ നിർമ്മാണവും, വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി കിണർ റീചാർജ്ജിംഗ് സംവിധാനങ്ങളും പദ്ധതിയുടെ ഭാഗമായി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

തോടുകളുടെ പുനരുദ്ധാരണവും കയർ ഭൂവസ്ത്ര വിനിയോഗവും നീർത്തട പരിധിയിലൂടെ ഒഴുകുന്ന സ്വാഭാവിക തോടുകളുടെയും അരുവികളുടെയും സംരക്ഷണം പദ്ധതിയുടെ മറ്റൊരു പ്രധാന ലക്ഷ്യമാണ്. തോടുകളുടെ വശങ്ങൾ ഇടിഞ്ഞുപോകുന്നത് തടയുന്നതിനും സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനുമായി തോടുകൾ പുനരുദ്ധരിക്കുകയും വശങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിനായി പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യയായ കയർ ഭൂവസ്ത്രം (Coir Geotextiles) വ്യാപകമായി വിനിയോഗിക്കുന്നു. തോടുകളുടെ വശങ്ങളിലും കുന്നിൻചരിവുകളിലും കയർ ഭൂവസ്ത്രം വിരിച്ച് അതിൽ പുല്ലും മറ്റ് സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിലൂടെ മണ്ണൊലിപ്പ് പൂർണ്ണമായും തടയാനും ജൈവരീതിയിൽ വശങ്ങൾ ദൃഢപ്പെടുത്താനും സാധിക്കുന്നു.





തടയണകളും ജലസംഭരണവും (Check Dams) നീരൊഴുക്കുകളിലെ വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും തദ്ദേശീയമായി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ (Check Dams / Loose Boulder Structures) നിർമ്മിക്കുന്നു. ഈ തടയണകൾ കനത്ത മഴക്കാലത്ത് ഉണ്ടാകുന്ന പെട്ടെന്നുള്ള വെള്ളപ്പൊക്കത്തിന്റെ ആഘാതം

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കുറയ്ക്കുകയും, മഴ കഴിഞ്ഞുള്ള മാസങ്ങളിൽ ജലം സംഭരിച്ചുനിർത്താൻ സഹായിക്കുകയും ചെയ്യുന്നു. തടയണകളിൽ കെട്ടിനിൽക്കുന്ന വെള്ളം ചുറ്റുമുള്ള പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ഉയരാൻ നേരിട്ട് കാരണമാകുന്നുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളും കാർഷിക മേഖലയുമായി ബന്ധിപ്പിച്ചുള്ള വികസനവും ഒത്തുചേരുന്നതിലൂടെ പുത്തേട് നീർത്തട പദ്ധതി പ്രദേശത്തെ കർഷകരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും, പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് സുസ്ഥിരമായ പ്രാദേശിക വികസനം കൈവരിക്കാനും ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

3.1 പദ്ധതി പ്രദേശം

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെട്ട അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ **10, 15** എന്നീ വാർഡുകളിലായിട്ടാണ് പുത്തേട് നീർത്തടം സ്ഥിതി ചെയ്യുന്നത്. പുത്തേട് നീർത്തടത്തിന്റെ വടക്ക് വലിയാർ, തെക്ക് ആനക്കുന്ന് മുടി, കിഴക്ക് മണപ്പാടിത്തോട് നീർത്തടം, പടിഞ്ഞാറ് കൂവപ്പിള്ളിയുമായി ചുറ്റപെട്ടു കിടക്കുന്ന ചെരിവേറിയ പ്രദേശമാണിത്. പുത്തേട് നീർത്തട പദ്ധതി നടപ്പിലാക്കിയ പ്രദേശത്തിന്റെ വിസ്തൃതി **720** ഹെക്ടറാണ്. വിസ്തൃതിയിൽ **149** ലക്ഷം രൂപാ മുടക്കിയാണ് പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം **189** ആണ്.



File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

3.2 ഗുണഭോക്തൃ പ്ലോട്ട് ഉടമകളുടെ വിവരം

പദ്ധതി പ്രദേശത്ത് ആകെ **186** ഗുണഭോക്താക്കളാണ് ഉള്ളത്. പദ്ധതി പ്രദേശത്തെ കുടുംബങ്ങളിൽ ഭൂരിഭാഗവും **APL** വിഭാഗത്തിൽ ഉൾപ്പെടുന്നതായി കണ്ടെത്തി. സാമൂഹിക വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, ഏറ്റവും കൂടുതൽ കുടുംബങ്ങൾ "മറ്റുള്ളവർ" വിഭാഗത്തിൽപ്പെടുന്നവരാണ് **(84.7%)**. പട്ടികവർഗ്ഗ കുടുംബങ്ങളുടെ അനുപാതം താരതമ്യേന കുറവാണ് **(15.3%)**. **BPL** വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ശതമാനം വളരെ കുറവായതിനാൽ പദ്ധതി പ്രദേശത്തെ കുടുംബങ്ങൾ പൊതുവെ മെച്ചപ്പെട്ട സാമ്പത്തിക നില പുലർത്തുന്നവരാണെന്ന് ഈ പഠനം സൂചിപ്പിക്കുന്നു. എന്നിരുന്നാലും, പട്ടികവർഗ്ഗ വിഭാഗത്തിൽ **BPL** കുടുംബങ്ങളുടെ ശതമാനം **(20.7%)** മറ്റുള്ളവർ വിഭാഗത്തേക്കാൾ കൂടുതലാണെന്നത് സാമൂഹിക-സാമ്പത്തിക അസമത്വത്തിന്റെ ഒരു സൂചനയായി കണക്കാക്കാം.

സാമൂഹിക വിഭാഗം	APL	BPL
പട്ടികജാതി	0	0
പട്ടികവർഗ്ഗം	23	6
മറ്റുള്ളവർ	152	8

തിരഞ്ഞെടുത്ത കൺട്രോൾ പ്ലോട്ടുകളിൽ ഉൾപ്പെട്ട കർഷകരുടെ എണ്ണം പരിശോധിക്കുമ്പോൾ, ആകെ **38** കർഷകരാണ് ജില്ലയിൽ നിന്നും ഉൾപ്പെട്ടിട്ടുള്ളത്. ഇത് പഠന മേഖലയിലെ കർഷകവിതരണത്തിൽ മധ്യ-താഴ്ന്ന സ്ട്രാറ്റങ്ങളിലേക്കുള്ള കൂടുതൽ പ്രതിനിധാനം കാണിക്കുന്നു. പഠനത്തിനായി തിരഞ്ഞെടുത്ത കൺട്രോൾ പ്ലോട്ടുകളിൽ പ്രധാനമായും സ്ട്രാറ്റം **1**, സ്ട്രാറ്റം **2** വിഭാഗങ്ങളിലാണ് കർഷകർ കേന്ദ്രീകരിച്ചിരിക്കുന്നത്. സ്ട്രാറ്റം **3** ൽ വളരെ കുറവ് ഗുണഭോക്തക്കളാണ് കാണപ്പെടുന്നത്. സർവ്വേ ചെയ്ത സ്ഥലത്തിന്റെ മൊത്തം വിസ്തൃതി **4307 സെന്റ്** ആണ്.

സ്ട്രാറ്റം	തിരഞ്ഞെടുത്ത കർഷകരുടെ എണ്ണം	സർവെ ചെയ്ത സ്ഥലത്തിൻറെ വിസ്തൃതി
സ്ട്രാറ്റം 1	17	869
സ്ട്രാറ്റം 2	19	2812
സ്ട്രാറ്റം 3	2	626
സ്ട്രാറ്റം 4	0	0
ആകെ	**38**	4307

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

3.3 സ്ട്രാറ്റം തിരിച്ചുള്ള വിവരണം

വിലയിരുത്തൽ പഠനത്തിനുവേണ്ടി തിരഞ്ഞെടുത്ത പദ്ധതിയ്ക്ക് കീഴിലെ 189 ഗുണഭോക്താക്കളുടെയും കൈവശ ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ട്രാറ്റങ്ങളായി തിരിച്ചു. 1 ഏക്കറിന് താഴെ കൈവശം വെക്കുന്ന ഭൂമിയെ സ്ട്രാറ്റം I, 1 മുതൽ 3 ഏക്കറിന് താഴെ സ്ട്രാറ്റം II, 3 മുതൽ 5 ഏക്കറിന് താഴെ സ്ട്രാറ്റം III, 5 ഏക്കറിനും അതിനു മുകളിലും സ്ട്രാറ്റം IV എന്നിങ്ങനെയാണ് അവയെ തരംതിരിച്ചത്. ഇതിന്റെ വിശദാംശം പട്ടികയിൽ നൽകിയിട്ടുണ്ട്.

സ്ട്രാറ്റം	ഗുണഭോക്താക്കളുടെ എണ്ണം	സ്ഥല വിസ്തൃതി (സെന്റിൽ)
I	32	1959
II	102	18538
III	43	16896
IV	12	7399
ആകെ	**189**	**44792**

3.4 ഗുണഭോക്താക്കളുടെ തൊഴിൽ

പദ്ധതി പഠന പ്രദേശത്തെ കുടുംബങ്ങളിൽ ഭൂരിഭാഗവും (66.1%) കൃഷിയെ പ്രധാന തൊഴിലായി ആശ്രയിക്കുന്നവരാണ്. സ്ട്രാറ്റം 2 വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നത്. കൃഷിയും കാർഷികേതര തൊഴിലുകളും എല്ലാ സ്ട്രാറ്റങ്ങളിലുമായി കാണപ്പെടുന്നുണ്ടെങ്കിലും, കൃഷിയാണ് പ്രദേശത്തിന്റെ പ്രധാന സാമ്പത്തിക പ്രവർത്തനമെന്ന് പഠനം വ്യക്തമാക്കുന്നു. കർഷകത്തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറവായതിനാൽ ഭൂവുടമസ്ഥതയുള്ളതോ സ്വയം കൃഷി ചെയ്യുന്നവരോ ആയ കുടുംബങ്ങളാണ് പഠന മേഖലയിൽ കൂടുതലെന്ന് അനുമാനിക്കാം.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

പ്രധാന തൊഴിൽ	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
കർഷകത്തൊഴിലാളി	9	1	0	0	10
കാർഷികേതരം	9	30	13	2	54
കൃഷി	13	71	30	11	125
മറ്റുള്ളവ	0	0	0	0	0

3.5 ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ

പ്രധാന വരുമാനത്തിന് പുറമേ പശുവളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, മീൻ വളർത്തൽ തുടങ്ങിയ അനുബന്ധ തൊഴിലുകൾ ഉണ്ടോ എന്നാണ് ഇവിടെ പരിശോധിച്ചിട്ടുള്ളത്. ആകെയുള്ള 189 ഗുണഭോക്താക്കളിൽ 164 ഗുണഭോക്താക്കളും യാതൊരുവിധ അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടില്ല എന്ന് അറിയുവാൻ സാധിക്കുന്നു. അനുബന്ധ തൊഴിൽ ചെയ്യുന്നവരിൽ പശു വളർത്തലും കോഴി വളർത്തലുമാണ് കൂടുതൽ പ്രചാരത്തിലുള്ളത്. ആടു വളർത്തൽ, മീൻ വളർത്തൽ, പോത്തു വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ വളരെ പരിമിതമായ തോതിലാണ് കാണപ്പെടുന്നത്. ഇത് പഠന പ്രദേശത്തെ കുടുംബങ്ങൾ പ്രധാനമായും മുഖ്യ തൊഴിലിനെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നതെന്നും അനുബന്ധ വരുമാന മാർഗങ്ങൾ താരതമ്യേന കുറവാണെന്നും സൂചിപ്പിക്കുന്നു. അനുബന്ധ തൊഴിലുകളുടെ വ്യാപനം വർധിപ്പിക്കുന്നതിനുള്ള പരിശീലനവും സാമ്പത്തിക പിന്തുണയും ലഭ്യമാക്കുന്നത് കുടുംബങ്ങളുടെ വരുമാന വൈവിധ്യവൽക്കരണത്തിന് സഹായകരമാകും.

423261/2026/TAPAL DES

ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ					
അനുബന്ധ തൊഴിൽ	**സ്ട്രാറ്റം 1**	**സ്ട്രാറ്റം 2**	**സ്ട്രാറ്റം 3**	**സ്ട്രാറ്റം 4**	**ആകെ**
അനുബന്ധ തൊഴിൽ ഇല്ല	26	89	37	12	164
പശു വളർത്തൽ	1	7	2	1	11
ആടു വളർത്തൽ	2	3	1	0	6
കോഴി വളർത്തൽ	4	3	3	1	11
മീൻ വളർത്തൽ	1	1	1	0	3
പോത്തു വളർത്തൽ	0	1	0	0	1

3.6 പദ്ധതി പ്രദേശത്തെ താമസം

ഈ പ്രദേശത്ത് താമസിക്കുന്ന ഗുണഭോക്താക്കളിൽ 121 ഗുണഭോക്താവും പദ്ധതി സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് താമസിക്കുന്നത്. എന്നാൽ 68 ഗുണഭോക്താക്കൾ പദ്ധതി പ്രദേശത്തിന് പുറമോയാണ് താമസിക്കുന്നത്. പദ്ധതി പ്രദേഷത്ത് 1066 സ്ത്രീകളും 1114 പുരുഷൻമാരുമാണ് താമസിക്കുന്നത്. ഇതിൽ 27 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 1066 പോർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 1087 പേർ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരുമാണ്. പദ്ധതി പ്രദേശത്ത് 5 അംഗണവാടികളും ഒരു ലോവർ പ്രൈമറി സ്കൂളും ഒരു പോസ്റ്റ് ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ ജലനിധി കുടിവെള്ള പദ്ധതി, ത്രിവേണി ശുദ്ധജല പദ്ധതി, കൂവപ്പള്ളി വലക്കട്ടി കുടിവെള്ള പദ്ധതി എന്നിവ ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. കൂടാതെ 27 കുടുംബശ്രീ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

പുത്തേട് നീർത്തട പദ്ധതി പ്രദേശത്ത് സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറമേ താമസിക്കുന്നവരുമായ 38 കുടുംബങ്ങൾക്ക് കൂടി ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ട്. അവർക്ക് 8809 സെന്റ് ഭൂമിയും പദ്ധതി പ്രദേശത്ത് ഉണ്ട്. പ്രസ്തുത പ്രദേശത്ത് 14 മഴവെള്ള സംഭരണികളും 36 സ്വകാര്യ കുഴൽ കിണറുകളും

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

ഒരു പൊതുവായ കുഴൽ കിണറും 5 സ്വകാര്യ കുളങ്ങളും 44 സ്വകാര്യ കിണറുകളും ഒരു പൊതു കിണറും ഉണ്ട്.

3.7 പദ്ധതി പ്രദേശത്തെ ഭൂവിനിയോഗ രീതി

പദ്ധതി പ്രദേശത്തെ ഭൂമി കൃഷി ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരിക്കുന്നതിന്റെ വിസ്തൃതിയാണ് ടേബിളിൽ സൂചിപ്പിച്ചിരിക്കുന്നത്. പരിഗണിച്ചിട്ടുള്ള ആകെ ഭൂമിയുടെ 20% പ്രദേശവും കാർഷിക മേഖലക്കായാണ് ഉപയോഗിച്ചിരിക്കുന്നത്. 80% ഭൂമിയും മറ്റുള്ളവയിലാണ് രേഖപ്പെടുത്തിയിരുക്കുന്നത്.



ഭൂവിനിയോഗ രീതി	വിസ്തൃതി (സെന്റിൽ)
കൃഷി ചെയ്യുന്ന സ്ഥലം	3904
കൃഷി ചെയ്യാത്ത സ്ഥലം	286
കൃഷിക്ക് ഉപയുക്തമല്ലാത്തത്	117
ആകെ	**4307**

3.8 പദ്ധതി പ്രദേശത്തെ ജലസേചന രീതി

ഇടുക്കി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ജലസേചന സൗകര്യം വളരെ പരിമിതമാണ്. അതിനാൽ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. കൃഷി ചെയ്യുന്ന ആകെ ഭൂമിയെയാണ് ജലസേചനമുള്ളതും അല്ലാത്തതുമായി തിരിച്ചിട്ടുള്ളത്. തിരഞ്ഞെടുത്ത കർഷകരുടെ ആകെ വിസ്തൃതി 40043 സെന്റ് ആണ്. 39312 സെന്റ് (98%) കൃഷി ചെയ്യുന്ന ഭൂമിയും, 331 സെന്റ് (1%) കൃഷി ചെയ്യാത്ത ഭൂമിയും, 400 സെന്റ് (1%) കൃഷിക്ക് ഉപയുക്തമല്ലാത്ത ഭൂമിയായും രേഖപ്പെടുത്തിയിരിക്കുന്നു. പഠന പ്രദേശത്ത് കൃഷി പ്രധാന ഭൂവിനിയോഗ രീതിയാണെന്ന് വ്യക്തമാക്കുന്നു. ഇതിൽ ഭൂരിഭാഗം ഭൂമിയും കൃഷിക്ക്

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

ഉപയോഗിക്കുന്നു. കൃഷി ചെയ്യുന്ന പദ്ധതി പ്രദേശത്തെ ജലസേചന സ്ഥിതിയെ ജലസേചനമുള്ള സ്ഥലത്തിന്റെ വിസ്തൃതി (1233 സെന്റ്), ജലസേചനമില്ലാത്ത സ്ഥലത്തിന്റെ വിസ്തൃതി (38079 സെന്റ്) എന്ന രീതിയിൽ രണ്ടായി തിരിച്ചിട്ടുള്ളതാണ്. പദ്ധതി പ്രദേശത്ത് ജലസേചനമുള്ള ഭൂമിയുടെ വിഹിതം വളരെ കുറവാണ്. ഇത് പ്രദേശത്ത് ജലസേചന സൗകര്യങ്ങൾ പരിമിതമാണെന്ന് വ്യക്തമാക്കുന്നു.



പദ്ധതി പ്രദേശത്തെ ജലസേചന മാർഗ്ഗങ്ങളുടെ ലഭ്യത പരിശോധിക്കുമ്പോൾ കർഷകരിൽ ഭൂരിഭാഗത്തിനും ജലസേചന സൗകര്യം ഇല്ല എന്ന് വ്യക്തമാണ്. പരമ്പരാഗത ജലസേചന മാർഗ്ഗങ്ങൾ വളരെ കുറവാണ്. കർഷകർക്ക് സ്ഥിരമായ ജലസേചന സംവിധാനങ്ങൾ ഇല്ലാത്തതിനാൽ മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്.



ജലസേചനമാർഗ്ഗം	
ജലസേചനമാർഗ്ഗം	എണ്ണം
കിണർ	10
തോട്	12
കുളം	1
പുഴ	2
ഇല്ല	163
മറ്റുള്ളവ	1

3.9 പദ്ധതി പ്രദേശത്തെ ജലസ്രോതസ്

പുത്തേട് നീർത്തട പദ്ധതി പ്രദേശം ജലസ്രോതസ്സിന് ബുദ്ധിമുട്ട് നേരിടുന്ന പ്രദേശമാണ്. വേനൽ കാലത്ത് കുടിവെള്ളത്തിനായി സർക്കാരിന്റെ പദ്ധതികളായ

423261/2026/TAPAL DES



ത്രിവേണി ശുദ്ധജല പദ്ധതി, മുണ്ടക്കാട്ട് കോളനി കുടിവെള്ള പദ്ധതി, കൂവപള്ളി വലകട്ടി കുടിവെള്ള പദ്ധതി, ജലനിധി എന്നിവ ഉപയോഗിക്കുന്നു. പ്രദേശത്ത് നിലനിൽക്കുന്ന ചെറുകിട ജലസംഭരണികൾ, കുളങ്ങൾ എന്നിവ വർഷം മുഴുവൻ ജലസേചനത്തിന് ഒരു പരിധിവരെ സഹായകരമാണ്. പദ്ധതി പ്രദേശത്ത് 14 മഴവെള്ള സംഭരണികളും ഉണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നിലനിൽപ്പിനും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും വെള്ളം സംഭരിക്കുന്ന സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പാക്കപ്പെടുന്നു.

3.10 പദ്ധതി പ്രദേശത്തെ പ്രസ്വകാല വിളകൾ

2023-24 സർവ്വെ കാലയളവിൽ പദ്ധതി പ്രദേശത്ത് പ്രധാന ഹ്രസ്വകാല വിളകൾ മരച്ചീനി, ഏത്തവാഴ എന്നിവയാണ്. പുത്തേട് പദ്ധതി പ്രദേശത്ത് വേനൽക്കാലത്ത് കൃഷി ചെയ്യുന്ന വിളകൾ പ്രധാനമായും വെള്ളം കുറഞ്ഞ സാഹചര്യത്തിലും വളരാൻ കഴിയുന്നവയാണ്. മഴക്കാലത്ത് സംഭരിച്ച വെള്ളവും ചെറുകിട ജലസേചന സൗകര്യങ്ങളും ആശ്രയിച്ചാണ് ഇവയുടെ കൃഷി നടത്തുന്നത്. ജലസ്രോതസ്സുകളുടെ ലഭ്യതയും മണ്ണിന്റെ ഘടനയുമനുസരിച്ച്, ചില കർഷകർ വാഴ കൃഷിയെ സ്ഥിരവിളകളും വേനൽക്കാല വിളകളുമായി പരിപാലിക്കുന്നു.

ഹ്രസ്വകാലവിളകൾ	പദ്ധതിക്കു മുൻപ് വിസ്തൃതി(സെന്റിൽ)	പദ്ധതിക്കു ശേഷം വിസ്തൃതി(സെന്റിൽ)
ഇഞ്ചി	8	5
ഏത്തവാഴ	153	158
ചേന	25	22
ചേമ്പ്	8	8
പൈനാപ്പിൾ	2	2
മഞ്ഞൾ	3	2
മരച്ചീനി	183	144
വാഴ (കുഴികളുടെ എണ്ണം)	405	405

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

3.11 പദ്ധതി പ്രദേശത്തെ ദീർഘകാല വിളകൾ

പുത്തേട് നീർത്തട പദ്ധതി പ്രദേശത്ത് ദീർഘകാല വിളകൾ ഏലവും കുരുമുളകുമാണ്. കൂടാതെ കാപ്പി, കൊക്കോ, പ്ലാവ്, തെങ്ങ്, മാവ്, വാഴ എന്നിവയാണ്. ഈ വിളകൾക്ക് നല്ല മഴ, അനുയോജ്യമായ മലനിര മണ്ണ്, മിതിയായ തണുത്ത കാലാവസ്ഥ എന്നിവ സഹായകരമാണ്. സാമ്പത്തിക വരുമാനത്തിന് വലിയ സംഭാവന നൽകുന്ന ഇവയുടെ സംരക്ഷണവും ഉൽപാദന വർധനവും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.

ദീർഘകാലവിളകൾ	പദ്ധതിക്കുമുൻപ്		പദ്ധതിക്കുശേഷം	
	കായ്ച്ചത്	കായ്ക്കാത്തത്	കായ്ച്ചത്	കായ്ക്കാത്തത്
ആഞ്ഞിലി (സെന്റിൽ)	87	51	97	51
ഏലം (സെന്റിൽ)	167	0	167	0
കമുക് (എണ്ണം)	1023	178	1200	398
കശുമാവ് (എണ്ണം)	35	1	36	1
കാപ്പി (സെന്റിൽ)	484	1	485	0
കുടംപുളി (സെന്റിൽ)	22	0	22	0
കുരുമുളക് (എണ്ണം)	146	37	203	4
കൊക്കോ (എണ്ണം)	826	176	1002	49
ജാതി (എണ്ണം)	69	19	87	4
തെങ്ങ് (എണ്ണം)	1223	412	1615	244
തേക്ക് (സെന്റിൽ)	108	67	111	76
പുളി (എണ്ണം)	2	0	2	0
പ്ലാവ് (എണ്ണം)	303	163	460	124
ബട്ടർ ഫ്രൂട്ട്/അവക്കാഡോ (സെന്റിൽ)	0	100	100	0
മറ്റു വൃക്ഷങ്ങൾ(സെന്റിൽ)	0	240	0	240
മഹാഗണി (സെന്റിൽ)	13	11	13	11
മാവ് (എണ്ണം)	146	46	183	28
മുരിങ്ങ (എണ്ണം)	0	2	0	2
റംബൂട്ടാൻ (സെന്റിൽ)	5	501	506	0
റബ്ബർ (സെന്റിൽ)	35603	390	35858	203

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

അധ്യായം – 4

പദ്ധതി പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിലെ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെടുന്ന അറക്കുളം, ഇലപ്പിള്ളി വില്ലേജുകളിലായിട്ടാണ് പുത്തേട് നീർത്തടം വ്യാപിച്ചുകിടക്കുന്നത്. അറക്കുളം ഗ്രാമപഞ്ചായത്തിലെ **10, 15** എന്നീ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശം കുന്നുകളും ചരിവുകളും നിറഞ്ഞ ഭൂപ്രകൃതിയുള്ളതാണ്. ഈ പ്രദേശത്തിന് ചുറ്റുമായി വ്യാപിച്ചുകിടക്കുന്ന റബ്ബർ തോട്ടങ്ങളും സ്വാഭാവിക വനപ്രദേശങ്ങളും ഇവിടുത്തെ ഭൂമിയുടെ പ്രത്യേകതയാണ്. ശക്തമായ മഴ ലഭിക്കുമ്പോൾ മലയോരങ്ങളിൽ നിന്ന് കുത്തിയൊലിച്ചു പോകുന്ന വെള്ളവും മണ്ണും ശാസ്ത്രീയമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നീർത്തട പദ്ധതി ഇവിടെ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയത്.

കുത്തനെയുള്ള മലഞ്ചരിവുകളും ഉയർന്ന തോടുകളുമുള്ള ഈ പ്രദേശത്ത് മണ്ണൊലിപ്പ് തടയുന്നതിനാണ് പദ്ധതിയിൽ ഏറ്റവും മുൻഗണന നൽകിയിട്ടുള്ളത്. കുത്തനെ ഒഴുകുന്ന തോടുകളുടെ ഇരുവശങ്ങളിലുമായി **90%** ഭാഗത്തും ശാസ്ത്രീയമായ രീതിയിൽ കയ്യാലകൾ കെട്ടി സംരക്ഷിച്ചിരിക്കുന്നു. കല്ലുകൾ അടുക്കി കൃത്യമായ ഉയരത്തിൽ നിർമ്മിച്ചിട്ടുള്ള ഈ കരിങ്കൽ കയ്യാലകൾ, മഴവെള്ളത്തിന്റെ കുത്തൊഴുക്കിൽ കുന്നിൻചരിവുകളിലെ ഫലഭൂയിഷ്ഠമായ മണ്ണ് ഒലിച്ചുപോകുന്നത് പൂർണ്ണമായും തടയുന്നു. റബ്ബർ തോട്ടങ്ങൾക്ക് നടുവിലൂടെ പോകുന്ന തോടുകളുടെ വശങ്ങൾ ഇടിയാതിരിക്കാൻ ഈ കയ്യാലകൾ വലിയൊരു കോട്ടപോലെയാണ് നിലകൊള്ളുന്നത്.

മണ്ണൊലിപ്പ് തടയുന്നതിനൊപ്പം തന്നെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി തോടുകളിൽ ശാസ്ത്രീയമായി തടയണകൾ **(Check Dams)** നിർമ്മിച്ചിട്ടുണ്ട്. കുത്തനെയുള്ള തോടുകളിലൂടെ വെള്ളം അതിവേഗം ഒഴുകിപ്പോകുന്നത് തടഞ്ഞ്, വെള്ളത്തിന്റെ വേഗത കുറയ്ക്കാനും ജലം മണ്ണിലേക്ക് ഇറങ്ങാനും ഈ തടയണകൾ സഹായിക്കുന്നു. മലയോര മേഖലകളിൽ വേനൽക്കാലത്ത് അനുഭവപ്പെടാറുള്ള കടുത്ത ജലക്ഷാമത്തിന് ഇത് ശാശ്വതമായ പരിഹാരമേകുന്നു. തടയണകളിൽ കെട്ടിനിൽക്കുന്ന വെള്ളം ചുറ്റുമുള്ള റബ്ബർ തോട്ടങ്ങളിലെയും മറ്റ്

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കൃഷിയിടങ്ങളിലെയും ഈർപ്പം നിലനിർത്താൻ സഹായിക്കുന്നുണ്ട്.

മണ്ണ്-ജല സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പുത്തേട് നീർത്തട പദ്ധതി അറക്കുളം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വലിയൊരു ആശ്വാസമാണ്. റബ്ബർ കൃഷിയെ പ്രധാനമായി ആശ്രയിക്കുന്ന ഈ പ്രദേശത്ത്, നീർത്തട പദ്ധതി വഴി ജലലഭ്യത ഉറപ്പാക്കിയതോടെ കാർഷിക ഉൽപ്പാദനം വർദ്ധിക്കുകയും കൃഷിയിടങ്ങളുടെ മൂല്യം കൂടുകയും ചെയ്തു. സുസ്ഥിരമായ പ്രകൃതി സംരക്ഷണത്തിലൂടെ ഒരു പ്രദേശത്തിന്റെ ആവാസവ്യവസ്ഥയെയും ജനങ്ങളുടെ ജീവനോപാധിയെയും എങ്ങനെ മെച്ചപ്പെടുത്താം എന്നതിന്റെ മികച്ചൊരു ഉദാഹരണമാണ് പുത്തേട് നീർത്തട പദ്ധതി.

ഈ പദ്ധതി ഇടുക്കി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കപ്പെടുന്നു. ഗ്രാമപ്രദേശത്തെ നാട്ടുകാരുടെയും കർഷകരുടെയും സജീവ പങ്കാളിത്തം പദ്ധതി വിജയത്തിന്റെ മുഖ്യ ഘടകമാണ്. പരിസ്ഥിതി സൗഹൃദ കൃഷിക്കും, ജലസേചനത്തിനും, മൃഗങ്ങളുടെയും മനുഷ്യരുടെയും ഉപയോഗത്തിനും വേണ്ട ജലസേചന ശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഇതിലൂടെ നടക്കുന്നു.

പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി (എണ്ണം)

പ്രധാന രീതി	സ്റ്റാറ്റം 1	സ്റ്റാറ്റം 2	സ്റ്റാറ്റം 3	സ്റ്റാറ്റം 4
കല്ല് കയ്യാല	31	104	43	14
മഴക്കുഴി	0	0	1	0

പുത്തേട് നീർത്തട പദ്ധതിയിൽ 220 ഗുണഭോക്താക്കൾ ഉള്ള പദ്ധതി പ്രദേശത്ത് 189 ഗുണഭോക്താക്കൾക്ക് പദ്ധിതിയിലൂടെ നേരിട്ട് മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തിയപ്പോൾ 3 പേർ സ്വന്തം നിലയ്ക്ക് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്.

പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മണ്ണ് സംരക്ഷണ പദ്ധതിയുടെ വിവരങ്ങൾ (സ്കീം) എണ്ണം.

സ്കീം	സ്ടാറ്റം 1	സ്ടാറ്റം 2	സ്ടാറ്റം 3	സ്ടാറ്റം 4	ആകെ
RIDF	30	101	43	13	187
MGNREGS	1	1	1	0	3
സ്വന്തം നിലയിൽ	0	2	0	1	3

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

4.1 കരിങ്കല്ല് കയ്യാല

മലയോര മേഖലകളിലെ മണ്ണൊലിപ്പ് തടയുന്നതിനും ഭൂസംരക്ഷണത്തിനുമായി പരമ്പരാഗതമായി ഉപയോഗിച്ചുപോരുന്ന ഏറ്റവും ഫലപ്രദമായ ഒരു ശാസ്ത്രീയ മാർഗ്ഗമാണ് കരിങ്കല്ല് കയ്യാലകൾ. ചരിവുകൂടിയ പ്രദേശങ്ങളിലും കുന്നിൻചരിവുകളിലും മഴവെള്ളത്തിന്റെ കുത്തൊഴുക്കിൽ ഫലഭൂയിഷ്ഠമായ ഉപരിതല മണ്ണ് ഒലിച്ചുപോകാതിരിക്കാൻ ഇവ വലിയൊരു പ്രതിരോധമായി വർത്തിക്കുന്നു. ശക്തമായ കരിങ്കല്ലുകൾ കൃത്യമായ ക്രമത്തിൽ അടുക്കിവെച്ച് നിർമ്മിക്കുന്ന ഈ കയ്യാലകൾ, മണ്ണിന് ഉറപ്പ് നൽകുന്നതിനൊപ്പം തന്നെ ഭൂമിയുടെ സ്വാഭാവിക ഘടന നിലനിർത്താനും സഹായിക്കുന്നു. പുത്തേട് നീർത്തട പദ്ധതി പോലുള്ള കാർഷിക-ജലസംരക്ഷണ പദ്ധതികളിൽ തോടുകളുടെ ഇരുവശങ്ങളും കൃഷിയിടങ്ങളുടെ അതിരുകളും കരിങ്കല്ല് കയ്യാലകൾ കെട്ടി സംരക്ഷിക്കുന്നത് ഭൂമി ഇടിഞ്ഞുതാഴുന്നത് തടയാൻ അത്യാവശ്യമാണ്.





മണ്ണൊലിപ്പ് തടയുക എന്നതിനപ്പുറം മികച്ചൊരു ജലസംരക്ഷണ ഉപാധി കൂടിയാണ് കരിങ്കല്ല് കയ്യാലകൾ. സിമന്റ് ചേർക്കാതെ കല്ലുകൾ പരസ്പരം കോർത്ത് നിർമ്മിക്കുന്ന കയ്യാലകൾക്കിടയിലൂടെ മഴവെള്ളത്തിന് പെയ്തിറങ്ങാനും, വെള്ളത്തിന്റെ ഒഴുക്കിന്റെ വേഗത കുറയ്ക്കാനും സാധിക്കും. ഇത് മഴവെള്ളം മണ്ണിലേക്ക് കൂടുതൽ ഇറങ്ങാൻ സഹായിക്കുകയും തന്മൂലം പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയരുകയും ചെയ്യുന്നു. റബ്ബർ തോട്ടങ്ങളിലും മറ്റ് മലയോര

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

കൃഷിയിടങ്ങളിലും കരിങ്കല്ല് കയ്യാലകൾ നിർമ്മിക്കുന്നത് വഴി മണ്ണിലെ ഈർപ്പം ദീർഘകാലം നിലനിൽക്കുകയും, കടുത്ത വേനലിലും വിളകൾക്ക് ആവശ്യമായ ജലാംശം മണ്ണിൽ നിലനിർത്താൻ കർഷകരെ സഹായിക്കുകയും ചെയ്യുന്നു.

4.2 പാർശ്വഭിത്തികൾ

നീർത്തട പദ്ധതികളിലും ജലസേചന നിർമ്മാണപ്രവർത്തനങ്ങളിലും തോടുകളുടെയും നദികളുടെയും സംരക്ഷണത്തിനായി നിർമ്മിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടനകളാണ് പാർശ്വഭിത്തികൾ **(Sidewalls/Retaining Walls).** കുന്നിൻചരിവുകളിലൂടെയും റബ്ബർ തോട്ടങ്ങളിലൂടെയും കടന്നുപോകുന്ന കുത്തനെയുള്ള തോടുകളുടെ ഇരുവശങ്ങളും ഇടിഞ്ഞുപോകാതിരിക്കാൻ പാർശ്വഭിത്തികൾ വലിയൊരു സുരക്ഷാ കവചമായി പ്രവർത്തിക്കുന്നു. ശക്തമായ മഴക്കാലത്ത് വെള്ളത്തിന്റെ അളവും ഒഴുക്കിന്റെ വേഗതയും കൂടുമ്പോൾ തോടിന്റെ വശങ്ങളിലെ മണ്ണ് ഒലിച്ചുപോവുകയും, ഇത് കാലക്രമേണ വലിയ തോതിൽ ഭൂമി ഇടിയുന്നതിനും **(Landslides)** കൃഷിനാശത്തിനും കാരണമാവുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളിൽ കരിങ്കല്ലും സിമന്റും ഉപയോഗിച്ചോ അല്ലെങ്കിൽ ഗാബിയോൺ **(Gabion Box)** രീതിയിലോ നിർമ്മിക്കുന്ന പാർശ്വഭിത്തികൾ തോടിന്റെ അതിരുകൾക്ക് കൃത്യമായ കരുത്ത് നൽകുകയും വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് വഴിയൊരുക്കുകയും ചെയ്യുന്നു.



പ്രകൃതിവിഭവ സംരക്ഷണത്തോടൊപ്പം ദീർഘകാലാടിസ്ഥാനത്തിലുള്ള കാർഷിക സുരക്ഷിതത്വം ഉറപ്പാക്കാനും പാർശ്വഭിത്തികൾ അത്യന്താപേക്ഷിതമാണ്. പുത്തേട് നീർത്തട പദ്ധതി പോലുള്ള മലയോര പദ്ധതികളിൽ, കുത്തനെയുള്ള തോടുകൾക്ക് പാർശ്വഭിത്തികൾ നിർമ്മിക്കുന്നത് വഴി തോടിനോട് ചേർന്നുകിടക്കുന്ന റബ്ബർ മരങ്ങളുടെയും മറ്റ് വിളകളുടെയും വേരുകൾക്ക് ഇളക്കം തട്ടാതെ സംരക്ഷിക്കാൻ സാധിക്കുന്നു. ഇത് മണ്ണൊലിപ്പ് പൂർണ്ണമായും നിയന്ത്രിക്കുകയും കൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞുപോകാതെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

വെള്ളത്തിന്റെ കുത്തൊഴുക്ക് മൂലമുണ്ടാകുന്ന ആഘാതം താങ്ങാൻ ശേഷിയുള്ള ഇത്തരം ഭിത്തികൾ, മലയോര മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും കാർഷിക ഭൂമിയുടെയും സുസ്ഥിരമായ നിലനിൽപ്പിന് വലിയൊരു പങ്കാണ് വഹിക്കുന്നത്.

4.3 തട്ടുതിരിക്കൽ

മലയോര മേഖലകളിലെ കുന്നിൻചരിവുകളിൽ കൃഷി ചെയ്യുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമായി ഉപയോഗിക്കുന്ന ഏറ്റവും പ്രശസ്തമായ ഒരു ശാസ്ത്രീയ ഭൂസംരക്ഷണ രീതിയാണ് തട്ടുതിരിക്കൽ (Terracing). കുത്തനെയുള്ള മലഞ്ചരിവുകളെ പടവുകൾ പോലെ അല്ലെങ്കിൽ തട്ടുകളായി വെട്ടിമാറ്റി നിരപ്പായ ഉപരിതലങ്ങൾ സൃഷ്ടിക്കുന്ന രീതിയാണിത്. ഇങ്ങനെ ചെയ്യുന്നതിലൂടെ മഴ പെയ്യുമ്പോൾ വെള്ളം കുത്തനെ താഴേക്ക് ഒലിച്ചുപോകുന്നതിന്റെ വേഗത ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു. ഇത് മലഞ്ചരിവുകളിലെ ഫലഭൂയിഷ്ഠമായ മണ്ണ് ഒലിച്ചുപോകുന്നത് പൂർണ്ണമായും തടയുകയും, കുന്നിൻപ്രദേശങ്ങൾ ഇടിഞ്ഞുവീഴാനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുന്നു. പുത്തേട് പോലുള്ള മലയോര നീർത്തട പ്രദേശങ്ങളിൽ റബ്ബർ തോട്ടങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ഭൂമി കൃഷിയോഗ്യമാക്കാൻ ഈ രീതി വളരെ വ്യാപകമായി ഉപയോഗിക്കുന്നു.





കൃഷി എളുപ്പമാക്കുന്നതിനൊപ്പം മികച്ചൊരു ജലസംരക്ഷണ മാർഗ്ഗം കൂടിയാണ് തട്ടുതിരിക്കൽ പ്രക്രിയ. തട്ടുകളായി തിരിച്ചിരിക്കുന്ന ഭൂമിയിൽ മഴവെള്ളം

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

കെട്ടിനിൽക്കാനും സാവധാനം മണ്ണിലേക്ക് ഇറങ്ങാനും കൂടുതൽ സമയം എടുക്കുന്നു. ഇത് പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ സഹായിക്കുകയും, കുന്നിൻചരിവുകളിലെ മണ്ണിൽ എപ്പോഴും ഈർപ്പം നിലനിർത്തുകയും ചെയ്യുന്നു. തട്ടുകളുടെ അരികുകളിൽ കരിങ്കല്ല് കയ്യാലകൾ കൂടിയാകുമ്പോൾ ഇതിന്റെ ബലം ഇരട്ടിക്കുന്നു. മലയോര മേഖലകളിൽ വളക്കൂറുള്ള മണ്ണ് നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാനും, കർഷകർക്ക് കുന്നിൻചരിവുകളിൽ സുരക്ഷിതമായി ഇറങ്ങി നടന്ന് കൃഷിപ്പണികൾ ചെയ്യാനും വിളവെടുക്കാനും തട്ടുതിരിക്കൽ രീതി വലിയ പങ്ക് വഹിക്കുന്നുണ്ട്.

4.4 മഴക്കുഴി

മലയോര മേഖലകളിലും കൃഷിയിടങ്ങളിലും ജലക്ഷാമം പരിഹരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമായി നടപ്പിലാക്കുന്ന ഏറ്റവും ലളിതവും ഫലപ്രദവുമായ ഒരു ജലസംരക്ഷണ മാർഗ്ഗമാണ് മഴക്കുഴികൾ. മഴക്കാലത്ത് പെയ്തിറങ്ങുന്ന വെള്ളം ഒലിച്ചുപോകാതെ മണ്ണിലേക്ക് തന്നെ ഇറങ്ങാൻ കൃത്യമായ ഇടവേളകളിൽ നിശ്ചിത അളവിൽ നിർമ്മിക്കുന്ന കുഴികളാണിത്. സാധാരണയായി ചരിവുള്ള ഭൂപ്രകൃതിയുള്ള റബ്ബർ തോട്ടങ്ങളിലും മറ്റ് കാർഷിക മേഖലകളിലും മഴവെള്ളത്തിന്റെ ഒഴുക്കിന്റെ ദിശയ്ക്ക് ലംബമായാണ് ഇവ നിർമ്മിക്കുന്നത്. ഇങ്ങനെ കെട്ടിനിൽക്കുന്ന മഴവെള്ളം പതുക്കെ മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നത് വഴി ചുറ്റുമുള്ള മണ്ണിൽ ഈർപ്പം നിലനിൽക്കുകയും ഭൂഗർഭ ജലനിരപ്പ് ഗണ്യമായി ഉയരുകയും ചെയ്യുന്നു.



മണ്ണിലെ ജലാംശം വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ മികച്ചൊരു മണ്ണ് സംരക്ഷണ ഉപാധി കൂടിയാണ് മഴക്കുഴികൾ. കുത്തൊഴുക്കിൽ മലഞ്ചരിവുകളിൽ നിന്നും ഒലിച്ചുവരുന്ന ഫലഭൂയിഷ്ഠമായ മണ്ണും ജൈവാവശിഷ്ടങ്ങളും ഈ കുഴികളിൽ വന്നടിയുന്നു. ഇത് മണ്ണൊലിപ്പ് തടയുകയും, കാലക്രമേണ ഈ കുഴികളിൽ അടിഞ്ഞുകൂടുന്ന മണ്ണ് മികച്ചൊരു ജൈവവളമായി മാറുകയും ചെയ്യുന്നു. പുത്തേട്

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

നീർത്തട പദ്ധതി പോലെയുള്ള വലിയ ജലസംരക്ഷണ പദ്ധതികളിൽ കയ്യാലകൾക്കും തടയണകൾക്കുമൊപ്പം മഴക്കുഴികൾ കൂടി നിർമ്മിക്കുന്നത് വഴി പ്രകൃതിദത്തമായ ജലസ്രോതസ്സുകളെ വറ്റാതെ സംരക്ഷിക്കാനും വേനൽക്കാലത്തെ വരളച്ചയെ പ്രതിരോധിക്കാനും സാധിക്കുന്നു.

4.5 ഇൻവെസ്റ്റിഗേറ്ററുടെ അഭിപ്രായം

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇടുക്കി ബ്ലോക്കിൽ ഉൾപ്പെട്ട അറക്കുളം, ഇലപള്ളി എന്നീ വില്ലേജുകളിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ **10, 15** എന്നീ വാർഡുകളിലായിട്ടാണ് പുത്തേട് നീർത്തടം സ്ഥിതി ചെയ്യുന്നത്. കുത്തനേ ചെരുവുള്ളതിനാൽ പദ്ധതി പ്രദേശത്തെക്ക് വളരെയേരെ ബുദ്ധിമുട്ടിയാണ് വിവരശേഖരണം നടത്തിയത്. പദ്ധതി പ്രദേശത്തുണ്ടായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും കാരണം ഭൂഗർഭജല വിതാനത്തിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. കൃഷിക്ക് ആവശ്യമായ ജലം മലകളിൽ നിന്ന് ഒഴുകുന്ന തോടുകളിൽ നിന്നുമാണ് ശേഖരിച്ചത്. പദ്ധതിയിൽ ഉൾപ്പെട്ട **189** ഗുണഭോക്താക്കൾക്കും കൃഷിയിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. ഇവർ പ്രധാന വിളയായി റബ്ബർ ആണ് കൃഷി ചെയ്തിരുന്നത്. പദ്ധതി പ്രദേശത്ത് കിണർ, കുഴൽക്കിണറുകൾ, തോട്, സംഭരണികൾ എന്നിവയും കൂടാതെ കുടിവെള്ളത്തിനായി സർക്കാരിന്റെ പദ്ധതികളായ ത്രിവേണി ശുദ്ധജല പദ്ധതി, മുണ്ടക്കാട്ട് കോളനി കുടിവെള്ള പദ്ധതി, കൂവപള്ളി വലകട്ടി കുടിവെള്ള പദ്ധതി, ജലനിധി എന്നിവയാണുള്ളത്. ഈ പദ്ധതി പ്രദേശത്ത് കല്ലുകയ്യാല, പാർശ്വഭിത്തികൾ, സംഭരണികൾ, തോടിന്റെ ഇരുവശവും കരിങ്കല്ല് കെണ്ടുള്ള കയ്യാലകൾ എന്നീ പ്രവർത്തനങ്ങളാൽ ഗുണഭോക്താക്കൾക്ക് കൃഷി നല്ല രീതിയിൽ മെച്ചപ്പെടുത്തുന്നതിന് ഉപകാരപ്രദമായിട്ടുണ്ട്. പദ്ധതി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നത് ഭാവിയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ പോലുള്ള നാശനഷ്ടങ്ങൾ കുറയ്ക്കാൻ സഹായകരമാകുന്നു. കൃഷി, മണ്ണ്, ജലസേചനം എന്നിവയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗുണഭോക്താക്കൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ ചെയ്തിട്ടുണ്ട്. ഈ വിവരശേഖരണത്തിനായി സഹായിച്ച പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെയും ഇതുപോലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മണ്ണ് സംരക്ഷണ വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM



4.6 പദ്ധതിയെക്കുറിച്ചുള്ള അറിവ്

കുത്തനെ ചെരിവുള്ള പുത്തേട് നീർത്തട പദ്ധതിയെക്കുറിച്ച് പദ്ധതി പ്രദേശത്തുള്ളവർ അറിഞ്ഞത് എപ്രകാരമാണ് എന്നതാണ് അവലോകനം ചെയ്തിട്ടുള്ളത്. ഇതിൽ 91 ഗുണഭോക്താക്കളും പദ്ധതിയെക്കുറിച്ച് അറിഞ്ഞത് ഗ്രാമ, ബ്ലോക്ക്, പഞ്ചായത്ത് അധികാരികളിൽ നിന്നുമാണ്. 45 ഗുണഭോക്താക്കളും ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നുമാണ്. ബാക്കിയുള്ള 33 ഗുണഭോക്താക്കൾ മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ മുഖേനെയുമാണ്.

മണ്ണ് സംരക്ഷണ പദ്ധതിയെക്കുറിച്ചുള്ള അറിവ്	
പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത്	**എണ്ണം**
മണ്ണ് സംരക്ഷണ പദ്ധതി ഉദ്യോഗസ്ഥർ മുഖേന	**33**
ഗ്രാമ, ബ്ലോക്ക്, പഞ്ചായത്ത് അധികാരികളിൽ നിന്ന്	**91**
ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും	**45**
അറിവില്ല	**4**
മറ്റുള്ളവ	**16**

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

4.76 പദ്ധതി പര്യാപ്തത

പദ്ധതി പ്രദേശത്ത് നടത്തിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കൾക്ക് പ്രയോജനകരമായിരുന്നോ എന്ന ചോദ്യത്തിന് 45% ഗുണഭോക്താക്കളും കാര്യക്ഷമമായിരുന്നു എന്നും 51% ഗുണഭോക്താക്കളും സാമാന്യം പ്രയോജനപ്പെട്ടു എന്നുമാണ് അഭിപ്രായപ്പെട്ടത്. 4% ഗുണഭോക്താക്കൾ പദ്ധതി പ്രയോജനകരമല്ലായെന്ന് അഭിപ്രായപ്പെട്ടു.



4.7 തുടർ പ്രവർത്തനങ്ങൾ

പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് അവലോകം ചെയ്തത്. പദ്ധതി പ്രദേശത്ത് ഗുണഭോക്താക്കളുടെ ജീവിത മാർഗം എന്നത് കൃഷിയാണ്. ഈ പ്രദേശം കുത്തനെ ചെരിവുള്ളതിനാൽ കൂടുതലായും കല്ലു കയ്യാല, പാർശ്വഭിത്തികൾ നിർമ്മിക്കുന്നത് വളരെ ഉപകാരപ്രഥമായിരിക്കും. പദ്ധതി പ്രദേശത്തെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടർച്ചയായി കോടുപാടുകൾ ഉണ്ടാകാതെ സംരക്ഷിക്കുകയും പരിപാലനം ചെയ്യുന്നത് ഗുണകരമാണ്. പ്രകൃതിയുടെ മാറ്റങ്ങൾ സുഗമമായി നിലനിർത്തേണ്ടത് ഫലപ്രഥമാണ്.

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

പദ്ധതി വഴി നിർമ്മിച്ച കല്ലുകയ്യാലകളും തോടിന്റെ വശങ്ങളും പാർശ്വഭിത്തികളും കൃത്യമായ വാർഷിക പരിശോധനയിലൂടെ അറ്റകുറ്റ പണികൾ നടത്തേണ്ടത് വളരെ ആവശ്യമാണ്. ഇടുക്കി ജില്ലയുടെ കുത്തനെയുള്ള പ്രദേശങ്ങളിൽ ഭൂപ്രകൃതി സംരക്ഷിക്കുന്നതിനും മണ്ണ് സംരക്ഷണത്തിനും വേണ്ടി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് കൃഷിയെയും കൃഷിഭൂമിയെയും സംരക്ഷിക്കുന്നതിന് ഉപകാരപ്രദമായിരിക്കും.

4.8 പരിശീലനം

മണ്ണ് സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം ഒരാൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുന്നത് പദ്ധതിയുടെ വിജയത്തിന് പ്രയോജനപ്രദമാണ്. മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ഗുണഭോക്താക്കൾക്ക് പദ്ധതികളെക്കുറിച്ചുള്ള പരിശീലനമോ ബോധവൽക്കരണമാ സംഘടിപ്പിക്കുന്നത് കൃഷിയുടെ വളർച്ച കൂട്ടുന്നതിന് ഉപകാരപ്രഥമായിരിക്കുന്നതാണ്.

പരിശീലനം	ഉണ്ട്	ഇല്ല	ബാധകമല്ല
മണ്ണ് സംരക്ഷണ പദ്ധതി പരിശീലനം ലഭിച്ചിട്ടുണ്ടോ?	1	188	0

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

അധ്യായം – 5

പദ്ധതിയുടെ ഗുണങ്ങൾ

പുത്തേട് നീർത്തട പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണം പ്രദേശത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിച്ചു എന്നതാണ്. മഴക്കുഴികൾ, തടയണകൾ, കരിങ്കൽ കയ്യാലകൾ തുടങ്ങിയ ശാസ്ത്രീയമായ നീർത്തട സംരക്ഷണ മാർഗ്ഗങ്ങളിലൂടെ ഒഴുകിപ്പോകുന്ന മഴവെള്ളം മണ്ണിലേക്ക് ഇറക്കിവിടാൻ ഈ പദ്ധതിക്ക് കഴിഞ്ഞു. ഇത് പ്രദേശത്തെ ഭൂഗർഭജല നിരപ്പ് ഗണ്യമായി ഉയർത്തുകയും, കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ വേനൽക്കാലത്തും വറ്റാതെ നിലനിൽക്കാൻ സഹായിക്കുകയും ചെയ്തു. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിൽ ഈ പദ്ധതി വലിയൊരു പങ്കുവഹിക്കുന്നു.

കാർഷിക അഭിവൃദ്ധിയും മണ്ണൊലിപ്പ് തടയലും മണ്ണൊലിപ്പ് തടഞ്ഞ് മൺസൂൺ കാലത്ത് ഫലഭൂയിഷ്ഠമായ ഉപരിതല മണ്ണ് നഷ്ടപ്പെടാതെ സംരക്ഷിക്കാൻ ഈ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്. മണ്ണിൽ ഈർപ്പം നിലനിർത്താൻ കഴിഞ്ഞതോടെ പ്രദേശത്തെ കർഷകർക്ക് മികച്ച രീതിയിൽ കൃഷി ഇറക്കാൻ സാധിക്കുന്നു. ഏലം, കാപ്പി, കുടംപുഴി, കോക്കോ, കശുമാവ്, പ്ലാവ്, ഇഞ്ചി, ഏത്തവാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, മഞ്ഞൾ, മരച്ചീനി, പച്ചക്കറികൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിക്കുകയും കർഷകരുടെ വരുമാനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാവുകയും



File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

ചെയ്തു. കൃഷിക്ക് ആവശ്യമായ ജലം തടസ്സമില്ലാതെ ലഭിക്കുന്നത് വഴി തരിശുഭൂമികൾ പോലും വീണ്ടും കൃഷിയോഗ്യമാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

സാമൂഹിക-സാമ്പത്തിക പുരോഗതിയും സുസ്ഥിര വികസനവും നീർത്തട പദ്ധതിയുടെ നടത്തിപ്പ് പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിച്ചു, പ്രത്യേകിച്ച് തൊഴിലുറപ്പ് പദ്ധതികളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ജനങ്ങൾക്ക് മികച്ച വരുമാനമാർഗ്ഗമായി. കൂടാതെ, ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി പ്രദേശവാസികളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം വളർത്താൻ സഹായിച്ചു. പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗത്തിലൂടെ പ്രദേശത്തിന്റെ മൊത്തത്തിലുള്ള സാമൂഹിക-സാമ്പത്തിക പുരോഗതിക്കും പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിനും പുത്തേട് നീർത്തട പദ്ധതി ഒരു മാതൃകയായി വർത്തിക്കുന്നു.

5.1 മണ്ണിന്റെ ഫലഭൂയിഷ്ഠത

മണ്ണിന്റെ ഭൗതിക, ജൈവ ഗുണങ്ങളുടെ സന്തുലിതാവസ്ഥയിലൂടെ സസ്യങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങളും ജലവും കൃത്യമായ അളവിൽ നൽകാനുള്ള മണ്ണിന്റെ കഴിവിനെയാണ് മണ്ണിന്റെ ഫലഭൂയിഷ്ഠത **(Soil Fertility)** എന്ന് വിളിക്കുന്നത്. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയ പ്രാഥമിക പോഷകങ്ങളും മറ്റ് സൂക്ഷ്മ മൂലകങ്ങളും അടങ്ങിയ മണ്ണ് സസ്യങ്ങൾക്ക് ആവശ്യമായ ഊർജ്ജം നൽകുന്നു. മണ്ണിലെ ജൈവാംശത്തിന്റെ സാന്നിധ്യവും, ഉപകാരികളായ സൂക്ഷ്മജീവികളുടെ പ്രവർത്തനവും, മണ്ണിന്റെ അമ്ല-ക്ഷാര സ്വഭാവം **(pH value)** കൃത്യമായി നിലനിൽക്കുന്നതും ഫലഭൂയിഷ്ഠതയുടെ പ്രധാന ലക്ഷണങ്ങളാണ്. ശരിയായ ജലസംരക്ഷണത്തിലൂടെയും, ശാസ്ത്രീയമായ വിളപരിക്രമണത്തിലൂടെയും രാസവളങ്ങൾക്ക് പകരം ജൈവവളങ്ങൾ ഉപയോഗിക്കുന്നതിലൂടെയും മണ്ണിന്റെ ഫലഭൂയിഷ്ഠത ദീർഘകാലം നിലനിർത്താനും അതുവഴി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കും. മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലൂടെ പങ്കാളികളായ പുത്തേട്

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

നീർത്തട പദ്ധതി പ്രദേശത്തെ 189 ഗുണഭോക്താക്കളും ടി പ്രവർത്തനം വഴി മണ്ണിന്റെ ഫലഭൂയിഷ്ടത മെച്ചപ്പെട്ടതായി അഭിപ്രായപ്പെട്ടുള്ളത്.

ഫലഭൂയിഷ്ഠത അഭിപ്രായം	എണ്ണം
വളരെയധികം മെച്ചപ്പെട്ടു	42
സാമാന്യം മെച്ചപ്പെട്ടു	138
പ്രയോജനമില്ല	9

5.2 കാർഷിക പുരോഗതി

പുത്തേട് നീർത്തട പദ്ധതി നിർമ്മാണത്തിലൂടെ കാർഷിക പുരോഗതി കൈവരിക്കാൻ സാധിച്ചു എന്നാണ് ഭൂരിപക്ഷം ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടത്. ഈ പദ്ധതി പ്രാദേശിക കർഷകർക്ക് വലിയ രീതിയിൽ പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാണ്. ഭൂരിഭാഗം ആളുകളും പദ്ധതിയിലൂടെ തങ്ങൾക്ക് മികച്ച നേട്ടങ്ങളുണ്ടായതായി അഭിപ്രായപ്പെടുന്നു. വിളവിലുണ്ടായ വർദ്ധനവിനെ 182 പേരും, വിളയുടെ സാന്ദ്രതയിലെ വർദ്ധനവിനെ 176 പേരും അനുകൂലിച്ചപ്പോൾ, ഉൽപ്പാദന നിരക്കിലും വാർഷിക വരുമാനത്തിലും വലിയ വർദ്ധനവുണ്ടായതായി 179 പേർ വീതം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ പദ്ധതി പ്രയോജനപ്പെട്ടില്ല എന്ന് രേഖപ്പെടുത്തിയവരുടെ എണ്ണം വളരെ കുറവാണ് (വെറും 7 മുതൽ 13 വരെ ആളുകൾ മാത്രം). ചുരുക്കത്തിൽ, കൃഷി മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ സാമ്പത്തിക സ്ഥിതിയും വരുമാനവും സുസ്ഥിരമായി ഉയർത്തുന്നതിനും ഈ പദ്ധതി വൻ വിജയമായിരുന്നു എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായം	ഉണ്ട്	ഇല്ല
വിളയിലെ വർദ്ധന	182	7
വിളയുടെ സാന്ദ്രതയിലെ വർദ്ധന	176	13
ഉൽപ്പാദന നിരക്ക് വർദ്ധന	179	10
വാർഷിക വരുമാന വർദ്ധന	179	10

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

5.3 ജലവിതാനം

പദ്ധതികൊണ്ട് വരൾച്ച സമയത്ത് കിണറുകളിൽ മുമ്പു ഉണ്ടായിരുന്നതി നേക്കാൽ ജലനിരപ്പ് ഉയർന്നിട്ടുണ്ടോ എന്നാണ് അവലോകനം ചെയ്തിട്ടുള്ളത്. പദ്ധതി കൊണ്ട് ഏപ്രിൽ മേയ് മാസങ്ങളിൽ ജലവിതാനത്തിൽ ചെറിയ തോതിൽ മാറ്റം ഉണ്ടായതായി കാണുന്നു. (നേരിട്ടുള്ള ഗുണഭോക്താക്കളിൽ നിന്നുള്ള വിവരം മാത്രം).

കിണറിലെ ജലവിതാനം (ഏപ്രിൽ/മേയ് മാസങ്ങളിൽ (മീറ്ററിൽ)	പദ്ധതിയ്ക്ക് മുൻപ്			
	ഒരു മീറ്ററിൽ കുറവ്	1 മീറ്റർ - 2 മീറ്റർ	2 മീറ്റർ- 3 മീറ്റർ	3 മീറ്ററും അതിൽ കൂടുതലും
	45	20	0	0
	പദ്ധതിയ്ക്ക് ശേഷം			
	ഒരു മീറ്ററിൽ കുറവ്	1 മീറ്റർ - 2 മീറ്റർ	2 മീറ്റർ-3 മീറ്റർ	3 മീറ്ററും അതിൽ കൂടുതലും
	44	22	0	0

5.4 കിണറിലെ ജല ലഭ്യത

പദ്ധതി പ്രദേശത്ത് കിണറുകളെ കുറിച്ചും ജല ലഭ്യതയെക്കുറിച്ചും 189 ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പദ്ധതി പ്രദേശത്ത് രണ്ട് കിണറുകളുള്ളതായി അറിയാൻ സാധിച്ചു. 44 കിണറുകളിൽ വർഷത്തിൽ എല്ലാ മാസവും ജലം ലഭ്യതയുള്ളതായും എന്നാൽ 22 കിണറുകളിൽ വർഷത്തിൽ നാല് മാസം വരെ മാത്രമേ ജലം ലഭിക്കുകയുള്ളു എന്നും അറിയാൻ സാധിച്ചു.

പദ്ധതിയുടെ നടപ്പാക്കലിന് ശേഷം കൃഷി ഭൂമിയിലെ ജലാംശ നിലയിൽ അനുകൂല മാറ്റം ഉണ്ടായതായിട്ടുണ്ട്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും ജലസംരക്ഷണ ഇടപെടലുകളും ഫലപ്രദമായതായി സൂചിപ്പിക്കുന്നു. ഇത് കൃഷിയുടെ സ്ഥിരതയും ഉൽപാദന ശേഷിയും മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കിണറിൽ വർഷത്തിൽ എത്ര മാസം ജലം ലഭ്യമാകുന്നില്ല?	പദ്ധതിയ്ക്ക് മുൻപ്			
	1-4 മാസം	5-8 മാസം	9-12 മാസം	എല്ലാ മാസവും ജലം ലഭ്യമാണ്
	22	0	0	43
	പദ്ധതിയ്ക്ക് ശേഷം			
	1-4 മാസം	5-8 മാസം	9-12 മാസം	എല്ലാ മാസവും ജലം ലഭ്യമാണ്
	22	0	0	44

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

5.5 തോട്ടിലെ ജലാംശം

പദ്ധതി നടപ്പിലാക്കിയതിന് ശേഷം തോടുകളുടെ പാർശ്വസംരക്ഷണത്തിൽ വ്യക്തമായ പുരോഗതി ഉണ്ടായതായി പഠനം സൂചിപ്പിക്കുന്നു. തോടുകളുടെ എണ്ണം വർദ്ധിച്ചതിനാൽ തോടുകളിലെ മണ്ണൊലിപ്പ് തടസമില്ലാതെ സുഗമമായ രീതിയിൽ ജലം ഒഴുകി പോകുന്നതിന് സംരക്ഷണ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്. ഇത് പ്രദേശത്തെ ജലസ്രോതസ്സുകളുടെ സ്ഥിരതയും കൃഷിയിടങ്ങളുടെ സംരക്ഷണവും മെച്ചപ്പെടുത്തുന്നതിൽ പദ്ധതിക്ക് നിർണായക പങ്കുവഹിക്കുന്നു. തോടുകളുടെ പാർശ്വസംരക്ഷണം വ്യത്യസ്ത തലങ്ങളിൽ ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകിട്ടുണ്ട്. കൃഷി സംരക്ഷണം, വാസസ്ഥല സുരക്ഷ, വെള്ളപ്പൊക്ക നിയന്ത്രണം എന്നിവയിൽ മെച്ചപ്പെട്ട ഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ സാമൂഹിക-കാർഷിക സുരക്ഷ വർധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതായി സൂചിപ്പിക്കുന്നു. പദ്ധതി നടപ്പിലാക്കിയതിന് ശേഷം നീരൊഴുക്ക് സംവിധാനത്തിൽ അനുകൂല മാറ്റം ഉണ്ടായതായിട്ടുള്ളതാണ്. നീരൊഴുക്ക് തടസ്സങ്ങൾ കുറയുകയും ജലപ്രവാഹം കൂടുതൽ സുഗമമാകുകയും ചെയ്തതിലൂടെ കൃഷിയിടങ്ങളുടെ ജല നിയന്ത്രണം മെച്ചപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ശേഷം മണ്ണൊലിപ്പ് ഗണ്യമായി കുറഞ്ഞതായി ഭൂരിഭാഗം ഗുണഭോക്താക്കൾ അഭിപ്രായപ്പെടുന്നു. ഇത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ (കല്ല് കയ്യാല, നീരൊഴുക്ക് നിയന്ത്രണം, പാർശ്വസംരക്ഷണം തുടങ്ങിയവ) ഫലപ്രദമായി നടപ്പിലാക്കിയതിന്റെ ശക്തമായ തെളിവാണ്



കൃഷിയുടെ ആവശ്യത്തിനായി പദ്ധതി പ്രദേശത്ത് 3 കുളങ്ങളേയാണ് ആശ്രയിക്കുന്നത്. മഴക്കാലത്ത് വെള്ളം സംരക്ഷിക്കുകയും വേനൽ കാലത്ത് ശേഖരിച്ച കുളത്തിലെ ജലം കാർഷിക ജല സേചനത്തിന് ഉപയോഗിക്കുന്നുണ്ട്. പദ്ധതിക്ക് ശേഷം മണ്ണിടിച്ചിൽ സംഭവിക്കുന്ന പ്രദേശങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വ്യക്തമാക്കുന്നു. ഭൂമിയുടെ സ്ഥിരത, കൃഷി സുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ പദ്ധതിക്ക് നിർണായകമായ സ്വാധീനം ഉണ്ടാക്കിയതായി സൂചിപ്പിക്കുന്നു. പദ്ധതിയുടെ നടപ്പാക്കലിന് ശേഷം കൃഷി നാശം ഗണ്യമായി കുറയുകയുണ്ടായി. ഇത് മണ്ണൊലിപ്പ് നിയന്ത്രണം, നീരൊഴുക്ക് നിയന്ത്രണം, പാർശ്വസംരക്ഷണം തുടങ്ങിയ

File No. DES/1485/2026-EVA(4) (Computer No. 63047)

Generated from eOffice by ANU V L, EVA(4)-DES, EVA(4) DES, DEPARTMENT OF ECONIMICS & STATISTICS on 12/11/2026 03:39 PM

423261/2026/TAPAL DES

പ്രവർത്തനങ്ങൾ കൃഷിയിടങ്ങളുടെ സുരക്ഷ വർധിപ്പിച്ചിട്ടുള്ളതാണ്. ശുദ്ധജല ലഭ്യതയിൽ നേരിയ മെച്ചപ്പെടലും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരുടെ എണ്ണം കുറയുന്നതായും കാണുന്നു. എങ്കിലും പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.



5.6 പ്രദേശത്തെ പദ്ധതിയുടെ പ്രയോജനം

